2023
AUGUST
04
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ബിഎസ്എൻഎൽ: രാജ്യത്താകെ 4ജി ഉടൻ

**കോട്ടയം:** വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ രാജ്യവ്യാപകമായി 4ജി സേവനം നൽകാനുള്ള നടപടികൾ അവസാന ഘട്ടത്തിൽ എത്തിച്ച് ബിഎസ്എൻഎൽ. കോർ നെറ്റ്‌വർക്, എല്ലാ സോണുകളിലേക്കുമുള്ള 4ജി ഉപകരണങ്ങൾ എന്നിവ ടിസിഎസിൽ നിന്നു വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി. തദ്ദേശീയമായി 4ജി ഉപകരണങ്ങൾ നിർമിച്ച സ്ഥാപനമാണ് ടിസിഎസ്. ആത്മനിർഭർ പദ്ധതിയുടെ ഭാഗമായി തദ്ദേശീയമായി നിർമിച്ച ഉപകരണങ്ങൾ വഴിയാണു 4ജി സേവനം ബിഎസ്എൻഎൽ ആരംഭിക്കുന്നത്.

രാജ്യവ്യാപകമായി ഒരു ലക്ഷം പുതിയ 4ജി ടവറുകൾ സ്ഥാപിക്കുകയാണു ലക്ഷ്യം. നിലവിലുള്ള ടവറുകളിലെ ഉപകരണങ്ങൾ അപ്ഗ്രേഡ് ചെയ്തു 4ജിയിലേക്ക് മാറും. ഇതു പൂർത്തിയാകുന്നതോടെ ബിഎസ്എൻഎൽ 3ജി സേവനം അവസാനിക്കും. പിന്നീട് 2ജി, 4ജി നെറ്റ്‌വർക്കുകൾ മാത്രമാകും ഉണ്ടാവുക. ഈ വർഷം അവസാനത്തിനു മുൻപായി രാജ്യവ്യാപകമായി 4ജി സേവനം ആരംഭിക്കാനാകുമെന്നാണു ബിഎസ്എൻഎല്ലിന്റെ പ്രതീക്ഷ. പൈലറ്റ് പദ്ധതിയായി ചണ്ഡീഗഡിൽ പുതിയ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള 4 ജി സേവനം ആരംഭിച്ചിട്ടുണ്ട്. അടുത്തതായി കേരള സർക്കിളിൽ നവീകരണം പൂർത്തിയാകും, 6903 ടവറുകൾ 4ജി സേവനം നൽകുന്നതായി മാറും.

## അമേരിക്കയുടെ ക്രെഡിറ്റ് റേറ്റിങ് ഇടിച്ച് ഫിച്ച്; വിപണിയിൽ വൻ ഇടിവ്

**കൊച്ചി:** രാജ്യാന്തര റേറ്റിങ് ഏജൻസിയായ ഫിച്ച് അമേരിക്കയുടെ ക്രെഡിറ്റ് റേറ്റിങ് താഴ്ത്തിയതോടെ ആഗോള ഓഹരി വിപണികളിലെല്ലാം നഷ്ടം. ഉയർന്ന റേറ്റായിരുന്ന AAAയിൽ നിന്ന് AA+ ആക്കിയാണ് കുറച്ചത്. കടമെടുപ്പ് പരിധി ഉയർത്തിയത് അടക്കം വർധിച്ചുവരുന്ന കടബാധ്യതയാണ് റേറ്റിങ് താഴ്ത്താൻ കാരണം. ഇതോടെ ആഗോളവിപണികളിലെല്ലാം നിരാശ പടർന്നു. യൂറോസോണിലെയും ചൈനയിലെയും മോശം ഫാക്ടറി ഉൽപാദന ഫലങ്ങളും ഇന്നലെ വിപണിയുടെ വീഴ്ചയുടെ ആക്കം കൂട്ടി. സെൻസെക്സ് 676 പോയിന്റും നിഫ്റ്റി 207 പോയിന്റും നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. വ്യാപാരത്തിനിടെ സെൻസെക്സ് 1026 പോയിന്റ് വരെ ഇടിഞ്ഞിരുന്നു.

അസാധാരണ മുന്നേറ്റം നടത്തിയ രാജ്യത്തെ ഓഹരി വിപണികൾക്ക് ഓഗസ്റ്റിലെ ആദ്യവ്യാപാര ദിനം മുതൽ ഇടിവ്. തിങ്കളാഴ്ചയും വിപണിയിൽ ലാഭമെടുപ്പ് നടന്നിരുന്നു. ഇന്നലെ വിദേശനിക്ഷേപകർ കൂട്ടത്തോടെ ഓഹരികൾ വിറ്റു. അതേസമയം ഓഹരി വിപണിയിൽ അനിവാര്യമായ തിരുത്തലാണ് ആഗോള സംഭവങ്ങളുടെ ചുവടുപിടിച്ച് സംഭവിക്കുന്നതെന്ന വിലയിരുത്തലുകളുമുണ്ട്. വിപണികളിലെ നഷ്ടം അമേരിക്കൻ ബോണ്ട് വിപണിയെ ശക്തമാക്കിയത് ഡോളറിന്റെ മൂല്യമുയർത്തി. ഇതോടെ രൂപയുടെ മൂല്യം ഇന്നലെ 45 പൈസ ഇടിഞ്ഞ് 82.67 നിലവാരത്തിലെത്തി. ക്രൂഡ്ഓയിൽ വില ഉയർന്നതും രൂപയുടെ തകർച്ചയ്ക്കു കാരണമായി.

## 8000 കോടിയുടെ ലിഥിയം ബാറ്ററി പ്ലാന്റ്: കരാർ ഒപ്പിട്ട് കർണാടക



**ബെംഗളൂരു:** ഇലക്ട്രിക് വാഹനങ്ങളിൽ ഉപയോഗിക്കുന്ന ലിഥിയം ബാറ്ററി നിർമാണ പ്ലാന്റ് നിർമാണത്തിന് കർണാടക സർക്കാരുമായി 8000 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ട് യുഎസ് ആസ്ഥാനമായ ഇന്റർനാഷനൽ ബാറ്ററി കമ്പനി (ഐബിസി). ദേവനഹള്ളിയിൽ 100 ഏക്കർ ഭൂമിയിലാണ് പ്ലാന്റ് വരുന്നത്. 1000 പേർക്ക് നേരിട്ടു ജോലി ലഭിക്കും. ഉൽപാദനം തുടങ്ങുന്നതോടെ ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയുമെന്ന് വ്യവസായ മന്ത്രി എം.ബി.പാട്ടീൽ പറഞ്ഞു. ബാറ്ററി പുനഃസംസ്കരിക്കാനുള്ള പ്ലാന്റും ഇതിനൊപ്പം പ്രവർത്തിക്കും.

## ഡൽഹി ബിൽ ലോക്സഭ പാസാക്കി

**ന്യൂഡൽഹി:** പ്രതിപക്ഷ പ്രതിഷേധത്തിനിടെ ഡൽഹി ഭരണ നിയന്ത്രണ ബിൽ ലോക്സഭ ശബ്ദവോട്ടോടെ പാസാക്കി. ഡൽഹി സർക്കാരിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ ഡൽഹി സർക്കാരിന് അനുകൂലമായ സുപ്രീം കോടതി വിധി മറികടക്കാൻ കൊണ്ടുവന്ന ഓർഡിനൻസിനു പകരമാണു ബിൽ അവതരിപ്പിച്ചത്.

ബിൽ കീറി എറിഞ്ഞ ആം ആദ്മി പാർട്ടി എംപി സുശീൽ കുമാർ റിങ്കു(ജലന്ധർ)വിനെ ഈ സമ്മേളന കാലയളവിലേക്ക് സസ്പെൻഡു ചെയ്തു. ബിൽ ജനാധിപത്യ വിരുദ്ധമെന്നാരോപിച്ച് പ്രതിപക്ഷം ഇറങ്ങിപ്പോയിരുന്നു. ഇറങ്ങിപ്പോകും വഴി റിങ്കു ബിൽ കീറി സ്പീക്കറുടെ ചെയറിനു നേരെ എറിഞ്ഞിരുന്നു. ഇത് ചൂണ്ടിക്കാണിച്ച് പാർലമെന്ററി കാര്യ മന്ത്രി പ്രഹ്ലാദ് ജോഷി കൊണ്ടുവന്ന സസ്പെൻഷൻ പ്രമേയം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചു.

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായാണ് ഡൽഹി ഭരണ നിയന്ത്രണ ബിൽ അവതരിപ്പിച്ചത്. ഡൽഹിക്ക് സമ്പൂർണ സംസ്ഥാന പദവി നൽകുന്നതിനെ മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു, സർദാർ വല്ലഭായ് പട്ടേൽ, രാജഗോപാൽ ആചാരി, രാജേന്ദ്ര പ്രസാദ്, ഡോ. ബി.ആർ.അംബേദ്കർ തുടങ്ങിയവർ എതിർത്തിരുന്നതായി ബിൽ അവതരിപ്പിക്കവെ അമിത് ഷാ ചൂണ്ടിക്കാട്ടി.

ജനത്തെ സേവിക്കുന്നതിനു പകരം പോരാടാൻ മാത്രമായി ഒരു സർക്കാർ 2015ൽ ഡൽഹിയിൽ അധികാരത്തിലെത്തി. ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അവകാശമല്ല അവരുടെ വിഷയം. മറിച്ച്, ബംഗ്ലാവുകൾ പണിയുന്നതിൽ ഉൾപ്പെടെ അവർ നടത്തുന്ന അഴിമതികൾ മറച്ചുവയ്ക്കുന്നതിന് വിജിലൻസ് വകുപ്പിന്റെ നിയന്ത്രണം കയ്യടക്കുകയാണ് അമിത് ഷാ പറഞ്ഞു. ഡിജിറ്റൽ വിവര സുരക്ഷാ ബിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവും അവതരിപ്പിച്ചു. പ്രതിപക്ഷത്തിന്റെ ശക്തമായ പ്രതിഷേധത്തിനിടെയാണ് ഡിജിറ്റൽ വിവര സുരക്ഷാ ബിൽ അവതരിപ്പിച്ചത്.






# മെഡിക്കൽ കോളജ് ആശുപത്രി ഡീലക്സ് പേ വാർഡുകൾ അടച്ചിടുന്നു; നഷ്ടം ലക്ഷങ്ങൾ

**തിരുവനന്തപുരം:** മെഡിക്കൽ കോളജ് ആശുപത്രിയിലെ കെഎച്ച്ആർഡബ്യുഎസ് ഡീലക്സ് പേവാർഡുകൾ വർഷങ്ങളായി അടച്ചിട്ടിരുന്നു. ഇത് വഴി സർക്കാരിന് ലഭിക്കേണ്ട ലക്ഷങ്ങളുടെ വരുമാനം നഷ്ടമായി. കോവിഡ് കാലത്ത് അടച്ചിട്ട പേ വാർഡുകൾ ഇതുവരെ തുറന്നിട്ടില്ല.

വാർഡുകളിലെ ബി, സി, ഡി എന്നിവയാണ് അടഞ്ഞ് കിടക്കുന്നത്. ബി ഫ്ലോറിൽ 11 എസി മുറികളാണ് ഉള്ളത്. ഒരു ദിവസം 1100 രൂപയാണ് വാടക. സി, ഡി, ഫ്ലോറുകളിലായി 22 മുറികൾ ഉള്ളതിന് ദിവസേന 650 രൂപ നൽകണം.

തുറന്ന് പ്രവർത്തിച്ചിരുന്നുവെങ്കിൽ എസി മുറികൾക്ക് ഒരു മാസം 3,63,000 രൂപയും മറ്റുള്ളവയ്ക്ക് 4,29,000 രൂപയും വരുമാനം ലഭിക്കുമായിരുന്നു.

ഒരു വർഷം 95 ലക്ഷം രൂപയാണ് നഷ്ടം. തുടർച്ചയായി അടച്ചിട്ടതോടെ ഈ ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനവും നിലച്ചു.

സ്റ്റാഫ് നഴ്സ്, ശുചീകരണ തൊഴിലാളികളുടെയും അറ്റൻഡർ എന്നീ തസ്തികളിൽ ആളില്ലെന്ന പേരിലാണ് പേവാർഡുകൾ പൂട്ടിയിട്ടിരിക്കുന്നത്. ഈ തസ്തികകളിൽ ആളുകളെ നിയമിച്ച് വാർഡുകൾ തുറന്ന് പ്രവർത്തിക്കണമെന്നു രോഗികളും കൂട്ടിരിപ്പുകാരും ആവശ്യപ്പെടുന്നു.

# കൊല്ലം മെമു ഷെഡ് വികസനം പുരോഗമിക്കുന്നു

**കൊല്ലം:** 16 കോച്ചുകളുള്ള മെമുവിന്റെ അറ്റകുറ്റപ്പണി അതിവേഗം പൂർത്തിയാക്കാവുന്ന തലത്തിലേക്കു കൊല്ലം മെമു ഷെഡ് വികസനം പുരോഗമിക്കുന്നു. നിലവിൽ 9 കോച്ചുകൾക്കായുള്ള പിറ്റ്ലൈൻ മാത്രമാണു കൊല്ലത്തുള്ളത്. ഷെഡ് വികസനം 2025ൽ പൂർത്തിയാകുമ്പോൾ ആധുനിക സൗകര്യങ്ങളോടെ 16 കോച്ചുകളുള്ള മെമു ട്രെയിനുകളുടെ അറ്റകുറ്റപ്പണി പെട്ടെന്നു പൂർത്തിയാക്കാനാകും.



ഏകദേശം 42 കോടി രൂപയാണ് മെമു ഷെഡ് വികസനത്തിനായി ലഭിച്ചിരിക്കുന്നത്. കൊല്ലം റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള വാട്ടർ ടാങ്ക് പൊളിച്ചു മാറ്റുന്ന ജോലിയാണ് നിലവിൽ നടക്കുന്നത്. സ്റ്റേഷന് എതിർ വശത്തുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് പരിസരത്തു പുതിയ ടാങ്കിന്റെ നിർമാണം തുടങ്ങി. അതുപൂർത്തിയാക്കി, ജലവിതരണ കണക്ഷനുകളും പൂർത്തിയാകുമ്പോൾ പഴയ ടാങ്ക് പൊളിച്ചുമാറ്റും. തുടർന്നു മെമു ഷെഡ് വികസനത്തിന്റെ ഭാഗമായുള്ള ജോലികൾ തുടങ്ങും.

തിരുവനന്തപുരം ഡിവിഷനിൽ ഓടുന്ന 9 മെമു ട്രെയിനുകളുടെ അറ്റകുറ്റപ്പണികളാണ് കൊല്ലത്തു നടക്കുന്നത്. അതിൽ 5 ട്രെയിനുകൾ 12 കോച്ചുകളുടെയും 4 എണ്ണം 8 കോച്ചുകളുടേതുമാണ്. നിലവിൽ 12 കോച്ചുകളുള്ള ട്രെയിനുകളുടെ അറ്റകുറ്റപ്പണി നടത്തുന്നത് ഏറെ സമയമെടുത്താണ്. 16 കോച്ചുകൾക്കുള്ള സംവിധാനം നിലവിൽ വന്നാൽ സമയം ലാഭിക്കാം.

വീൽ ലെയ്ത്ത് മെഷീൻ സൗകര്യം ഉൾപ്പെടെയുള്ള സംവിധാനം വികസനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കൊച്ചുവേളിയിലെ കേന്ദ്രത്തിലാണ് വീൽ ലെയ്ത്തിനു കൊണ്ടുപോകുന്നത്. നാലു ദിവസമെങ്കിലും എടുക്കും ഈ പണികൾ പൂർത്തിയാക്കി കോച്ചുകൾ തിരികെ കിട്ടുവാൻ. പണി പൂർത്തിയാക്കാൻ കൂടുതൽ സമയമെടുക്കുന്നതു മെമുവിന്റെ സമയക്രമത്തെയും മറ്റും ബാധിക്കും. കോച്ചുകൾ ഉയർത്തി അറ്റകുറ്റപ്പണി നടത്താനുള്ള വലിയ ക്രെയിൻ സൗകര്യവും പുതിയ ഷെഡിൽ ലഭ്യമാകും.

നിലവിൽ പാർക്കിങ്ങിനുള്ള സംവിധാനം ഷെഡ് വികസനത്തിലൂടെ നഷ്ടമാകും. എന്നാൽ കൊല്ലം റെയിൽവേ സ്റ്റേഷൻ നവീകരണം പൂർത്തിയാകുമ്പോൾ ബഹുനില പാർക്കിങ് സൗകര്യം ലഭ്യമാകുമെന്നാണ് റെയിൽവേ അധികൃതർ പറയുന്നത്. ഫാത്തിമാ മാതാ കോളജ് ഭാഗത്തേക്കുള്ള സ്ഥലമെടുപ്പു മാത്രമാണ് നിലവിൽ പ്രശ്നമായുള്ളത്. സ്ഥലം ഏറ്റെടുപ്പു സംബന്ധിച്ച കോർപറേഷനുമായുള്ള തർക്കം നിലനിൽക്കുന്നുണ്ട്. തർക്കം വൈകാതെ പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് റെയിൽവേ അധികൃതർ.

കൊല്ലം മെമു ഷെഡിലേക്ക് അനുവദിച്ചിരിക്കുന്നത് 54 ജീവനക്കാരെയാണ്. നിയമിച്ചിട്ടുള്ളത് 43 പേരെയും. എന്നാൽ, 32 പേരുടെ സേവനം മാത്രമാണ് കൊല്ലം മെമു ഷെഡിൽ ലഭിക്കുന്നത്. 11 ജീവനക്കാർ മറ്റു സ്ഥലങ്ങളിൽ മെമുവുമായി ബന്ധപ്പെട്ടുള്ള ജോലികളിൽ വ്യാപൃതരാണ്. 24 മണിക്കൂറും ജോലിയുണ്ട്. ചില ഷിഫ്റ്റുകളിൽ ആളു കുറവാണ്

# സംസ്ഥാനത്തെ സ്ട്രോക്ക് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ സ്ട്രോക്ക് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പ്രധാന മെഡിക്കൽ കോളജുകളിലും ആരോഗ്യ വകുപ്പിന് കീഴിൽ 10 ജില്ലാതല ആശുപത്രികളിലും സ്ട്രോക്ക് ചികിത്സ നിലവിലുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളജിൽ ന്യൂറോളജി വിഭാഗത്തിന് കീഴിലുള്ള രാജ്യത്തെ ആദ്യ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട സമ്പൂർണ സ്ട്രോക്ക് യൂണിറ്റ് സജ്ജമാക്കി. ശ്രീ ചിത്രഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിന്റെ കൂടിയടിസ്ഥാനത്തിൽ 14 ജില്ലകളിലും സ്ട്രോക്ക് സംവിധാനം ശക്തിപ്പെടുത്താനുള്ള പ്രത്യേക പ്രോജക്ട് തയ്യാറാക്കാൻ ആരോഗ്യ വകുപ്പിന് മന്ത്രി നിർദേശം നൽകി. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ചു നടന്ന സ്ട്രോക്ക് പഠന ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പക്ഷാഘാതം അഥവാ സ്ട്രോക്ക് വന്ന രോഗികൾക്ക് രണ്ടാമതും സ്ട്രോക്ക് വരാനുള്ള സാധ്യത കൂടുതലാണ്. ഇത് മുന്നിൽ കണ്ട് പ്രാഥമിക ഇടപെടലിലൂടെ എങ്ങനെ വീണ്ടും സ്ട്രോക്ക് വരാതെ ആരോഗ്യം സംരക്ഷിക്കാം എന്നുള്ളതിനെ കുറിച്ച് ആരോഗ്യ വകുപ്പിന് വേണ്ടി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പക്ഷാഘാത ചികിത്സാ വിഭാഗം നടത്തിയ പഠന റിപ്പോർട്ട് ശിൽപശാലയിൽ അവതരിപ്പിച്ചു. ഒരു വർഷം നീണ്ട പഠനം 896 സ്ട്രോക്ക് വന്ന രോഗികളിലാണ് നടത്തിയത്. പക്ഷാഘാതം വന്ന രോഗികളിൽ 35% പേർ മാത്രമേ ആറുമാസത്തിനുള്ളിൽ ബ്ലഡ് പ്രഷർ, രക്തത്തിലെ പഞ്ചസാരയുടെ അളവ് തുടങ്ങിയ പരിശോധനകൾ നടത്തിയിട്ടുള്ളൂ എന്നാണ് പഠന റിപ്പോർട്ട്.

കൊല്ലം ജില്ലയാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. അതിനായി ആരോഗ്യവകുപ്പിന് കീഴിൽ കൊല്ലം ജില്ലയിലെ എല്ലാ ഫീൽഡ്തല ജീവനക്കാർക്കും ആശാപ്രവർത്തകർക്കും പക്ഷാഘാതം വന്നവർക്ക് ചെയ്യേണ്ട തുടർനടപടികളുടെ വിദഗ്ധ പരിശീലനം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റ്യൂട്ടിന്റെ ഭാഗമായി നൽകുകയുണ്ടായി. പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ സ്ട്രോക്ക് വന്ന രോഗികളുടെ വീടുകളിൽ പോയി വൈദ്യ സഹായങ്ങളും മറ്റ് അനുബന്ധ സേവനങ്ങളും നൽകുകയുണ്ടായി. സ്ട്രോക്ക് വന്നവരുടെ പരിചരണം, കൃത്യമായി മരുന്നുകൾ കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ, ഫിസിയോ തെറാപ്പി, ബിപിയും, ഷുഗറും നിരീക്ഷിക്കൽ എന്നിവ ഉറപ്പാക്കി. സ്ട്രോക്ക് വന്ന രോഗി തീരെ കിടപ്പിലായി പോകാതെ അവരുടെ കൈകാലുകൾ ചലിപ്പിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും വേണ്ടിവരുന്ന ഫിസിയോതെറാപ്പി കൂടി ആരോഗ്യ പ്രവർത്തകർ ഇന്റർവെൻഷന്റെ ഭാഗമായി നൽകി.

ആരോഗ്യം മെച്ചപ്പെടുത്താനുള്ള ഉപാധികൾ, കഴിക്കേണ്ട ഭക്ഷണം, പ്രവർത്തനങ്ങൾ, ഫിസിയോതെറാപ്പി എന്നിവയെക്കുറിച്ചുള്ള സന്ദേശങ്ങളും പക്ഷാഘാതം വന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ആരോഗ്യ വകുപ്പ് എസ്.എം.എസ്. അയയ്ക്കുകയും ചെയ്തു. ഇതിന്റെയെല്ലാം ഫലമായി കൊല്ലം ജില്ലയിലെ പക്ഷാഘാതം വന്ന രോഗികളുടെ ആരോഗ്യവും ജീവിത നിലവാരവും മെച്ചപ്പെടുത്താൻ സഹായകരമായതായി പഠനം വിലയിരുത്തുന്നു.

പഠനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ പ്രവർത്തകർ സ്ട്രോക്ക് വന്ന രോഗികളെ നിരീക്ഷിക്കാനും എൻസിഡി ക്ലിനിക്ക് വഴി തുടർപരിചരണം ഉറപ്പാക്കാനും നിർദേശം നൽകി. ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം ജില്ലയിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർ, പ്രോഗ്രാം മാനേജർമാർ, ശ്രീചിത്രയിലെ ഡോക്ടർമാർ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.

# ഓണം ഖാദി മേള ഉദ്ഘാടനം നാളെ

**കൊല്ലം:** ഓണം ഖാദി മേള 2023ന്റെ ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് 5 രാവിലെ 11.30ന് ജില്ലാ ഖാദി ഗ്രാമവ്യവസായ അങ്കണത്തിൽ എം നൗഷാദ് എം എൽ എ നിർവഹിക്കും. മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കോർപ്പറേഷൻ കൗൺസിലർ എ കെ സവാദ് ആദ്യ വില്പന നടത്തും. കോട്ടൺ, സിൽക്ക്, തുണിത്തരങ്ങൾക്ക് 30 ശതമാനം വരെയും പോളിസ്റ്റർ, വൂളൻ തുണിത്തരങ്ങൾക്ക് 20 ശതമാനവും റിബേറ്റ് ഉണ്ടായിരിക്കും.

സർക്കാർ, അർധ സർക്കാർ, ബാങ്ക്, സഹകരണ, പൊതുമേഖല ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ പലിശ രഹിത ക്രെഡിറ്റ് സൗകര്യം ഉണ്ടാക്കും. കരുനാഗപ്പള്ളി പുള്ളിമാൻ ജങ്ഷനിൽ സ്പെഷ്യൽ മേള സജ്ജമാക്കിയിട്ടുണ്ട്. ഫോൺ 7306869223, കെ ജി എസ് കൊല്ലം കർബല (0474 2742587), കെ ജി എസ് കൊട്ടാരക്കര എൽ ഐ സി ബിൽഡിങ് (0474 2650631), മൊബൈൽ സെയിൽസ് വാൻ (9895101332).

# നിയോഗ് തൊഴിൽമേള 12ന്; 3000 ഒഴിവുകൾ

**കൊല്ലം:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എംപ്ലോയബിലിറ്റി സെന്റർ എന്നിവ ഫാത്തിമ മാതാ നാഷനൽ കോളജിൽ 12ന് രാവിലെ 10 മുതൽ നിയോഗ് തൊഴിൽമേള സംഘടിപ്പിക്കും. മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ബാങ്കിങ്, ഫിനാൻസ്, അക്കൗണ്ട്സ്, സെയിൽസ്, മാർക്കറ്റിങ്, അഡ്മിനിസ്ട്രേഷൻ, എച്ച്ആർ, ഐടി, എജ്യുക്കേഷൻ, ടെലി കമ്യൂണിക്കേഷൻ, ഓട്ടമൊബീൽസ്, മെഡിക്കൽ പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിലെ തൊഴിൽദാതാക്കൾ മേളയിൽ പങ്കെടുക്കും.

3000 ഒഴിവുകളാണുള്ളത്. എസ്എസ്എൽസി, പ്ലസ് ടു, ഡിഗ്രി, എൻജിനീയറിങ്, ഡിപ്ലോമ, ഐടിഐ അല്ലെങ്കിൽ അധിക യോഗ്യതയുള്ള 35 വയസ്സുള്ളവർക്കും അവസാന വർഷ വിദ്യാർഥികൾക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും പങ്കെടുക്കാം. എംപ്ലോയബിലിറ്റി സെന്റർ കൊല്ലം എന്ന ഫെയ്സ്ബുക് പേജിൽ നൽകിയ എൻസിഎസ് പോർട്ടൽ ക്യുആർ കോഡ് മുഖേനയാണ് റജിസ്ട്രേഷൻ. തുടർന്ന് ലഭിക്കുന്ന എൻസിഎസ് ഐഡിയും ബയോഡേറ്റയും സഹിതം മേളയിൽ പങ്കെടുക്കണം. ഓൺലൈൻ റജിസ്ട്രേഷൻ ചെയ്യാൻ പറ്റാത്തവർക്കായി സ്പോട്ട് റജിസ്ട്രേഷൻ സൗകര്യവുമുണ്ട്. ഫോൺ: 8281359930, 0474 2740615.

# സംരംഭകർക്ക് വഴികാട്ടാൻ ബോധവത്ക്കരണ ക്ലാസ്സ് നടത്തി

**കൊല്ലം:**സംസ്ഥാന തലത്തിൽ ഗ്രാമീണ സംരംഭങ്ങളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യവസായ വകുപ്പിന്റെയും നേതൃത്വത്തിൽ പെരിനാട് ഗ്രാമപഞ്ചായത്തിൽ സംരംഭകത്വ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ജയകുമാർ ഉദ്ഘാടനം ചെയ്തു.

മാറുന്ന ലോകത്തിന്റെ സാധ്യതകൾ മനസ്സിലാക്കുന്ന സംരഭ ആശയങ്ങളെ വ്യവസായങ്ങളാക്കുവാൻ സർക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതികളെക്കുറിച്ചും പലിശ നിരക്ക് കുറഞ്ഞ ബാങ്ക് വായ്പാ സൗകര്യങ്ങളെക്കുറിച്ചും, ഓരോ പ്രദേശത്തിന്റെയും സാധ്യതകൾ മനസ്സിലാക്കി അനുയോജ്യമായ വ്യവസായങ്ങൾ തുടങ്ങുന്നതിനെക്കുറിച്ചും സംരംഭകരാകാൻ താത്പര്യമുള്ളവർക്ക് ബോധവത്ക്കരണം നടത്തി.

വൈസ് പ്രസിഡന്റ് അനിൽകുമാർ അധ്യക്ഷനായി. ചിറ്റുമല ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സമിതി അധ്യക്ഷ ഇജീന്ദ്രലേഖ, പെരിനാട് ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ മുഹമ്മദ് ജാഫി, വികസന സമിതി അധ്യക്ഷ കെ സോമവല്ലി, സി ഡി എസ് ചെയർപേഴ്സൻ വി ശോഭ, വ്യവസായ വികസന വകുപ്പ് ഉദ്യോഗസ്ഥരായ ജയാസാഗർ, വി വീണ തുടങ്ങിയവർ പങ്കെടുത്തു.

# ഓപ്പറേഷൻ ഫോസ്കോസ്: മൂന്ന് ദിവസം കൊണ്ട് 10,545 ലൈസൻസ് പരിശോധന

**തിരുവനന്തപുരം:** ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടന്ന ഓപ്പറേഷൻ ഫോസ്കോസ് (എഛടടഇഛട) ലൈസൻസ് ഡ്രൈവിന്റെ ഭാഗമായി മൂന്ന് ദിവസങ്ങളിലായി 10,545 പരിശോധനകൾ നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച 2305 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിച്ചു. ഇന്ന് നാല് ജില്ലകളിലായി 1357 പരിശോധനകൾ നടന്നു. കൊല്ലം, പത്തനംതിട്ട, എറണാകുളം, ആലപ്പുഴ ജില്ലകളിലായി 28 സ്‌ക്വാഡുകൾ പ്രവർത്തിച്ചു. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച 217 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിച്ച 187 സ്ഥാപനങ്ങൾക്ക് ലൈസൻസ് നേടുന്നതിന് വേണ്ടി നോട്ടീസ് നൽകി. 389 സ്ഥാപനങ്ങളെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച കാരണത്താൽ പ്രവർത്തനം നിർത്തിവെപ്പിച്ചതായും മന്ത്രി പറഞ്ഞു.

ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ നിയമപരമായി ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ലൈസൻസ് രജിസ്ട്രേഷൻ പരിശോധന തുടരുന്നതിനാൽ ലൈസൻസ് നേടിയിട്ടില്ലാത്ത എല്ലാ സ്ഥാപനങ്ങളും അടിയന്തിരമായി ലൈസൻസ് കരസ്ഥമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

ഭക്ഷണ വിൽപന നടത്തുന്ന വ്യാപാര സ്ഥാപനങ്ങളെല്ലാം ലൈസൻസ് എടുത്തു മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ. വളരെ ചെറുകിട കച്ചവടക്കാർക്ക് മാത്രം രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്നതിന് നിയമപരമായി അനുമതിയുണ്ട്. എന്നാൽ രജിസ്ട്രേഷൻ പോലുമില്ലാത്ത നിരവധി സ്ഥാപനങ്ങളുണ്ട് എന്നത് ആശങ്കയുളവാക്കുന്ന കാര്യമാണ്. ഭക്ഷണം വിൽപ്പന നടത്തുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിലേക്ക് കൊണ്ടുവരേണ്ടത് അത്യാവശ്യമായതിനാൽ ഇതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.ഭക്ഷ്യസുരക്ഷാ ലൈസൻസിന് അപേക്ഷിക്കുന്ന രീതി വളരെ ലളിതമാണ്.




# ആരോഗ്യ സർവകലാശാല: 10830 പേർ ബിരുദധാരികൾ; ചരിത്രമായി രണ്ട് പിഎച്ച്ഡി

## ഡോ. വന്ദന ദാസിന് മരണാനന്തര ബഹുമതിയായി എംബിബിഎസ്

## ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു

**തൃശൂർ:** ഇന്ത്യയിൽ നാനാത്വം ആഘോഷിക്കപ്പെടുകയാണെന്നും വൈവിധ്യങ്ങൾക്കിടയിലെ ഈ ഐക്യപ്പെടൽ നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന സ്വഭാവമാണെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. കേരള ആരോഗ്യ സർവകലാശാലയുടെ പതിനേഴാമത് ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഗവർണർ.

ആരോഗ്യ പ്രവർത്തകർക്കും മറ്റ് അടിയന്തര സേവനങ്ങൾ നൽകുന്നവർക്കും നിയമപരമായും നയപരമായും സുരക്ഷ ഏർപ്പെടുത്തേണ്ടതുണ്ട്. ഇത് സമൂഹത്തിന്റെ കടമയാണ്. ആരോഗ്യ പ്രവർത്തകർ മാനസിക സമ്മർദങ്ങൾക്ക് വഴിപ്പെടരുത്. വൈകാരികതയെ പ്രതിരോധിക്കാനുള്ള കഴിവ് വായനയിലൂടെ സമ്പാദിക്കണം. ബിരുദ സമ്പാദനം പഠനത്തിന്റെ അവസാനമല്ല. അനുദിനം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ സ്വയം നവീകരിക്കുക എന്ന വലിയ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടതുണ്ടെന്നും ഗവർണർ ബിരുദധാരികളെ ഓർമിപ്പിച്ചു.

മെഡിസിൻ, ആയുർവേദ, ഹോമിയോപ്പതി, ഡെൻറൽ, നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ വിഭാഗങ്ങളിലായി 10,830 ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് ബിരുദം നൽകി. ഇതോടെ ആകെ സർവ്വകലാശാലാ ബിരുദം നേടിയവർ 1,33,606 ആയി. സർവ്വകലാശാല നിലവിൽ വന്ന ശേഷം ആദ്യമായി രണ്ട് പേർ ഗവേഷണബിരുദം (പിഎച്ച്ഡി) കരസ്ഥമാക്കി.

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഹൗസ് സർജനായി ജോലിചെയ്യവേ ദാരുണമായി കൊല്ലപ്പെട്ട ഡോ. വന്ദന ദാസിന് ചടങ്ങിൽ വെച്ച് മരണാനന്തര ബഹുമതിയായി എം ബി ബി എസ്സ് ബിരുദം നൽകി. അച്ഛനും അമ്മയും ചേർന്ന് ഗവർണറിൽ നിന്ന് ബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി.

എം ബി ബി എസ്സ് പരീക്ഷക്ക് മൈക്രോബയോളജിയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ വിദ്യാർഥിക്കുള്ള ഡോ. ജയറാം പണിക്കർ എൻഡോവ്മെന്റ് അവാർഡ് എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ വിനയ് വി എസിന് സമ്മാനിച്ചു. ബിരുദ കോഴ്സുകളിലെ ഒന്നാം റാങ്ക് ജേതാക്കൾക്ക് ക്യാഷ് അവാർഡും ഫലകവും നൽകി.

സർവ്വകലാശാലാ വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ സ്വാഗതം ആശംസിച്ചു. പ്രൊ വൈസ് ചാൻസലർ പ്രൊഫ. ഡോ. സി.പി. വിജയൻ അധ്യക്ഷനായി. രജിസ്ട്രാർ പ്രൊഫ. ഡോ. എ.കെ. മനോജ്കുമാർ, പരീക്ഷാ കൺട്രോളർ പ്രൊഫ. ഡോ. എസ്സ്. അനിൽകുമാർ, ഫിനാൻസ് ഓഫീസർ കെ. പി. രാജേഷ്, സർവ്വകലാശാലാ ഡീൻമാരായ ഡോ. ഷാജി കെ എസ്സ്, ഡോ. വി എം ഇക്ബാൽ, ഡോ ബിനോജ് ആർ, വിവിധ ഫാക്കൽറ്റി ഡീൻമാർ, സെനറ്റ് അംഗങ്ങൾ, ഗവേർണിംഗ് കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# കൊളുക്കുമല ട്രെക്കിങ് നിരോധിക്കണം: വിദഗ്ധ സമിതി

**രാജകുമാരി:** അരിക്കൊമ്പൻ വിഷയത്തിൽ ഹൈക്കോടതി നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശ പ്രകാരം ആനയിറങ്കലിലെ ബോട്ടിങ് നിരോധിച്ചതിന് പിന്നാലെ കൊളുക്കുമല ട്രെക്കിങ്ങും അവസാനിപ്പിക്കാൻ നീക്കം. ഇതു സംബന്ധിച്ച് വിദഗ്ധ സമിതി കൺവീനർ ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. സൂര്യനെല്ലിയിൽ നിന്ന് കൊളുക്കുമലയിലേക്ക് ദിവസവും 143 ജീപ്പുകൾ ഓഫ് റോഡ് സവാരി നടത്തുന്നുണ്ടെന്നും ഇത് ഈ മേഖലയുടെ പരിസ്ഥിതി സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതായും റിപ്പോർട്ടിലുണ്ട്.

കൂടാതെ മണ്ണിടിച്ചിൽ സാധ്യത സൃഷ്ടിക്കുന്നതായും പ്രാദേശിക വന്യജീവികളുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതായും വിദഗ്ധ സമിതി കോടതിയിൽ സമർപ്പിച്ച കുറിപ്പിൽ വ്യക്തമാക്കുന്നു. ഇക്കാരണങ്ങളാൽ അടിയന്തരമായി കൊളുക്കുമല ഓഫ് റോഡ് സവാരി അവസാനിപ്പിക്കാൻ ഉത്തരവിടണമെന്നാണ് വിദഗ്ധ സമിതിയുടെ ശുപാർശ. ഇതു കൂടാതെ ലൈസൻസില്ലാത്ത ടെന്റ് ക്യാംപുകളുടെ പ്രവർത്തനം അവസാനിപ്പിക്കാത്തതിനാൽ ഇത്തരം ടെന്റ് ക്യാംപുകളൊഴിവാക്കാൻ ആവശ്യമെങ്കിൽ ജില്ലാ പൊലീസ് മേധാവിക്ക് നിർദേശം നൽകണമെന്നും വിദഗ്ധ സമിതി കൺവീനർ സമർപ്പിച്ച കുറിപ്പിലുണ്ട്.

ലോകത്തെ ഏറ്റവും ഉയരം കൂടി ഓർഗാനിക് ടീ എസ്റ്റേറ്റാണ് കൊളുക്കുമല. സമുദ്രനിരപ്പിൽ നിന്ന് 8000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കൊളുക്കുമലയിലെ സൂര്യോദയം കാണാൻ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നു സഞ്ചാരികൾ എത്താറുണ്ട്. രാജമല കഴിഞ്ഞാൽ ഏറ്റവുമധികം നീലക്കുറിഞ്ഞി പൂക്കുന്നതും കൊളുക്കുമലയിലാണ്. സൂര്യനെല്ലി ടൗണിൽ നിന്നു കൊളുക്കുമലയിലേക്കുള്ള 15 കിലോമീറ്ററോളം ദൂരം ഓഫ് റോഡ് ജീപ്പുകളിൽ മാത്രമേ സഞ്ചരിക്കാനാകൂ.

2500 രൂപയാണ് ഇവിടേക്കുള്ള ജീപ്പ് വാടക. ഇതിൽ 200 രൂപ കൊളുക്കുമല ടൂറിസം ഡവലെപ്മെന്റ് കമ്മിറ്റിക്കുള്ളതാണ്. ഇതിന്റെ 20% ഡിടിപിസിക്കു ലഭിക്കും. 150 മുതൽ 1000 വരെ സഞ്ചാരികളാണ് ഓരോ ദിവസവും കൊളുക്കുമല സന്ദർശിക്കാനെത്തുന്നത്. സുരക്ഷിത ട്രെക്കിങ്ങിനായി ടൂറിസം വകുപ്പും മോട്ടർ വാഹന വകുപ്പും ഇടപെട്ട് ജീപ്പ് ഡ്രൈവർമാർക്ക് ബോധവൽക്കരണം നൽകാറുണ്ട്. കൃത്യമായ രേഖകളും ഫിറ്റ്നസും ഉള്ള ജീപ്പുകൾക്ക് മാത്രമാണ് ഇവിടേക്ക് സർവീസ് നടത്താൻ അനുമതിയുള്ളത്. കൊളുക്കുമല ട്രെക്കിങ് അവസാനിപ്പിച്ചാൽ വിനോദസഞ്ചാര കേന്ദ്രമായ ചിന്നക്കനാലിൽ അതു ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

ചിന്നക്കനാലിൽ പത്തിലധികം നക്ഷത്ര പദവിയുള്ള ഹോട്ടലുകളും അൻപതോളം ചെറുകിട ഹോട്ടലുകളും ഹോംസ്റ്റേകളുമാണുള്ളത്. 143 ജീപ്പ് ഡ്രൈവർമാരും വ്യാപാരികളുമെല്ലാം കൊളുക്കുമലയിലെത്തുന്ന സഞ്ചാരികളെ ആശ്രയിച്ച് ജീവിതം മുന്നോട്ടുകൊണ്ട് പോകുന്നവരാണ്.

# കുറഞ്ഞ നിരക്കിൽ പൈപ്പ് വഴി പാചകവാതകം: സിറ്റി ഗ്യാസ് പദ്ധതിക്ക് തൃശൂരിൽ തുടക്കം



**കുന്നംകുളം:** പാചക ആവശ്യത്തിന് പ്രകൃതി വാതകം പൈപ്പ് വഴി വീടുകളിലെത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി ജില്ലയിൽ തുടങ്ങി. ചൊവ്വന്നൂരിലെ സിറ്റി ഗ്യാസ് സ്റ്റേഷനിൽ നിന്നാണ് 24 മണിക്കൂറും തടസ്സമില്ലാതെ ഗ്യാസ് വീടുകളിലെത്തിക്കുന്നത്. 950 അപേക്ഷകരിൽ ആദ്യഘട്ടമായി 18 വീടുകളിലാണ് ഇന്നലെ കണക്ഷൻ നൽകിയത്. കുന്നംകുളം നഗരസഭ, ചൊവ്വന്നൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെ മുഴുവൻ അപേക്ഷകർക്കും പദ്ധതിയിലൂടെ ഉടൻ പാചക വാതകം ലഭ്യമാക്കും.

ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് ലിമിറ്റഡ് കമ്പനിയാണ് സിറ്റി ഗ്യാസ് പദ്ധതി നടപ്പാക്കുന്നത്. ചൊവ്വന്നൂർ സമുദ്ര നഗറിൽ കടുവിൽ സരസ്വതിയുടെ വീട്ടിൽ പാൽ കാച്ചി എ.സി. മൊയ്തീൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ സീത രവീന്ദ്രൻ അധ്യക്ഷയായി. കലാമണ്ഡലം നിർവാഹക സമിതി അംഗം ടി.കെ. വാസു, അദാനി ഇന്ത്യൻ ഓയിൽ അസെറ്റ് ഹെഡ് ദീപു ജോൺ, പ്രതിനിധി കെ.ഐ. നിഷാൽ, നഗരസഭ കൗൺസിലർമാരായ ബിജു സി. ബേബി, പ്രിയ ഭവേഷ്, ഷാജി ആലിക്കൽ എന്നിവർ പ്രസംഗിച്ചു.

ലിക്വിഫൈഡ് പെട്രോളിയം ഗ്യാസിനു (എൽപിജി) പകരം പൈപ്പ്ഡ് നാചറൽ ഗ്യാസ് (പിഎൻജി) വീടുകളിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി കേരളത്തിൽ മിക്ക ജില്ലകളിലും തുടങ്ങി. വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന പെട്രോളിയം ഗ്യാസിനെക്കാൾ (എൽപിജി) പൈപ്പ് വഴി ലഭ്യമാകുന്ന പിഎൻജിക്ക് ഒട്ടേറെ മേന്മകളുണ്ട്. പിഎൻജിയുടെ പ്രധാന ഘടകം മീഥൈനാണ്(ഇ൪4). എൽപിജിയിലെ പ്രധാനഘടകം ബ്യൂട്ടെയ്ൻ. മീഥൈനിൽ ഒരു കാർബണും 4 ഹൈഡ്രജനുമാണ് (ഇ൪4). കാർബൺ ഹൈഡ്രജൻ അംശബന്ധം വളരെ കുറവ്.

അതുകൊണ്ടുതന്നെ മീഥൈൻ പൂർണമായും കത്തുന്നു. വായുമലിനീകരണം കുറയ്ക്കുന്നതിനാൽ പരിസ്ഥിതി സൗഹൃദമാണ് മീഥൈൻ. എണ്ണക്കിണറുകളിൽ നിന്നോ ഗ്യാസ് കിണറുകളിൽ നിന്നോ ലഭിക്കുന്ന നാചറൽ ഗ്യാസ് സ്റ്റീൽ, പോളിഎത്‌ലീൻ പൈപ്പ് വഴിയാണ് വിതരണം ചെയ്യുന്നത്. വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്നത് കംപ്രസ്ഡ് നാചറൽ ഗ്യാസ് (സിഎൻജി)

ഗാർഹിക ആവശ്യത്തിനുള്ള 14.2 കിലോയുടെ എൽപിജി സിലിണ്ടറിന് 1120 രൂപ എന്ന് കരുതുക. അപ്പോൾ ഒരു കിലോ എൽപിജി ഗ്യാസിന് 78. 87 രൂപ ചെലവാകും. ഒരുകിലോ പിഎൻജിയുടെ വില 66 രൂപയാണ്. 12.8 രൂപയുടെ വ്യത്യാസം. (പിഎൻജിയുടെ വില കണക്കാക്കുന്നത് സ്റ്റാൻഡേർഡ് ക്യുബിക് മീറ്റർ എസ്‌സിഎം എന്ന യൂണിറ്റിലാണ്. ഇതനുസരിച്ച് ഒരു യൂണിറ്റിനുള്ള വില 55 രൂപയാണ്. കിലോഗ്രാമിലേക്ക് മാറ്റുമ്പോൾ വില 66 ആകുന്നു.

ഒരു സിലിണ്ടർ എൽപിജി ഉപയോഗിക്കുമ്പോൾ 1120 രൂപ ചെലവു വരുന്നിടത്ത് ഇതേ അളവ് പിഎൻജി ഉപയോഗിച്ചാൽ 937.2 രൂപയായി കുറയുന്നു. 182 രൂപയുടെ വ്യത്യാസം. വീടുകളിൽ സ്ഥാപിച്ചിരിക്കുന്ന മീറ്റർ റീഡിങ് 2 മാസത്തിലൊരിക്കൽ പരിശോധിക്കും.

ഇതനുസരിച്ചാണ് ബിൽ. എൽപിജിക്കായി ഉപയോഗിച്ച സ്റ്റൗ തന്നെ ചെറിയ മാറ്റം വരുത്തി പിഎൻജിക്കും ഉപയോഗിക്കാം.

നാചറൽ ഗ്യാസിന് വായുവിനെക്കാൾ ഭാരം കുറവാണ്. വാതകച്ചോർച്ചയുണ്ടായാലും ഇതു വായുവിൽ തങ്ങിനിൽക്കാതെ ഉയർന്നുപൊങ്ങി അന്തരീക്ഷത്തിൽ അലിഞ്ഞുചേരും. അതിനാൽ അപകടസാധ്യത വളരെ കുറവ്. സ്റ്റീൽ പൈപ്പുകളിലാണു വാതകമെത്തുന്നത്. 25 ബാറാണ് ഇതിലെ മർദം. റഗുലേറ്റിങ് സംവിധാനം വഴി വീണ്ടും മർദം കുറച്ച് 21 മില്ലി ബാറായാണു വീടുകളിലേക്കെത്തുന്നത്

## ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ & പാരാമെഡിക്കൽ കോഴ്സ്

**തിരുവനന്തപുരം:** സർക്കാർ/സ്വാശ്രയ സ്ഥാപനങ്ങളിലെ 202324 വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ & പാരാമെഡിക്കൽ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി ഓഗസ്റ്റ് 7 മുതൽ ഓഗസ്റ്റ് 26 വരെ അപേക്ഷിക്കാം. അപേക്ഷകർ ഓൺലൈൻ മുഖേനയോ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ അപേക്ഷാഫീസ് ഒടുക്കണം. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 400 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 200 രൂപയുമാണ്. ഓൺലൈൻ അപേക്ഷയുടെ ഫൈനൽ കൺഫർമേഷൻ സെപ്റ്റംബർ 4 ന് മുൻപ് ചെയ്തിരിക്കണം.

സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സും വിജ്ഞാപനവും എൽ.ബി.എസ്സ് സെന്റർ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫോൺ: 04712560363, 364.

## പാരിസ്ഥിതിക അനുമതി പുതുക്കാൻ അപേക്ഷിക്കണം

**തിരുവനന്തപുരം:** സംസ്ഥാന പരിസ്ഥിതി ആഘാത നിർണയ അതോറിറ്റിയുടെ 127മത് യോഗ തീരുമാന പ്രകാരം പാരിസ്ഥിതിക അനുമതി പുതുക്കി നൽകാൻ അപേക്ഷ നൽകണം.

ജില്ലാ പാരിസ്ഥിതി ആഘാത നിർണയ അതോറിറ്റിയിൽ നിന്ന് 2016 ജനുവരി 15 മുതൽ 2018 സെപ്റ്റംബർ 13 വരെ നേടിയ എല്ലാ അംഗീകൃത പാരിസ്ഥിതികാനുമതികളും 2023 ഏപ്രിൽ 28ലെ ഓഫീസ് മെമ്മോറാണ്ടം നിഷ്കർഷിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ, പുതുക്കി നേടേണ്ടതുണ്ട്. അതിനുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം പരിവേഷ് പോർട്ടൽ മുഖേന നൽകണം. നിശ്ചിത പരിധിയ്ക്കുള്ളിൽ പുതുക്കിയിട്ടില്ലാത്ത പാരിസ്ഥിതികാനുമതികൾക്ക് 2024 ഏപ്രിൽ 27 മുതൽ പ്രാബല്യമുണ്ടായിരിക്കില്ലെന്നും വിശദാംശങ്ങൾക്കായി സംസ്ഥാന പരസ്ഥിതി ആഘാത നിർണയ അതോറിറ്റിയുടെ വെബ്സൈറ്റ് സന്ദർശിക്കണമെന്നും അതോറിറ്റി അറിയിച്ചു.

## സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊല്ലം:** ജില്ലാ സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിലെ ആശുപത്രി വികസന സൊസൈറ്റിയിലേക്ക് സ്റ്റാഫ് നഴ്സ് തസ്തികയിൽ 13 താത്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

18നും 41നും ഇടയിൽ പ്രായമുള്ള ജനറൽ നഴ്സിങ് മിഡഫൈറി /ബി എസ് സി നഴ്സിങ് നഴ്സിങ് കൗൺസിൽ രജിസ്ട്രേഷൻ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഓഗസ്റ്റ് 19ന് വൈകിട്ട് അഞ്ചിനകം gmchkollam@gmail.com മെയിലിലോ, തപാൽ മുഖേനയോ നേരിട്ടോ അപേക്ഷ സമർപ്പിക്കണം. അഭിമുഖം ഓഗസ്റ്റ് 23ന് രാവിലെ 11ന് സർക്കാർ മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നടത്തും. ഫോൺ 0471 2575050.

## മാനന്തവാടി ഗവ. മെഡിക്കൽ കോളജിന് മാതൃശിശു സൗഹൃദ ആശുപത്രി അംഗീകാരം

**മാനന്തവാടി:** മാതൃ ശിശു മേഖലയിലുള്ള മികച്ച സേവനത്തിന് ദേശീയ ആരോഗ്യ ദൗത്യം നൽകുന്ന മാതൃശിശു സൗഹൃദ ആശുപത്രി അംഗീകാരം വയനാട് ഗവ. മെഡിക്കൽ കോളജ് ആശുപത്രിക്ക് ലഭിച്ചു. സംസ്ഥാനത്ത് 44 ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് കേരള, നാഷനൽ നിയോ നേറ്റോളജി ഫോറം കേരള, കേരള ആരോഗ്യ സർവകലാശാല, യുനിസെഫ്, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി, ട്രെയിൻഡ് നഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെയാണ് എൻഎച്ച്എം മാതൃശിശു സൗഹൃദ ആശുപത്രി അംഗീകാരം നൽകുന്നത്.

ആശുപത്രികളിൽ അമ്മയ്ക്കും കുഞ്ഞിനും നൽകുന്ന പരിചരണം, മുലയൂട്ടൽ പ്രോത്സാഹിപ്പിക്കൽ, കുട്ടികളുടെ വാർഡുകളിൽ ലഭിക്കുന്ന സേവനം തുടങ്ങി 142 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വയനാട് ഗവ. മെഡിക്കൽ കോളജ് ആശുപത്രിക്കു മാത്രമാണ് അംഗീകാരം. !!ആശുപത്രി സൂപ്രണ്ട് ഡോ. വി.പി. രേജേഷ്, ശിശുരോഗ വിഭാഗം തലവൻ ഡോ. ചന്ദ്രശേഖരൻ എന്നിവർ മന്ത്രി വീണാ ജോർജിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

## ആമവാതത്തിന് മരുന്നുമായി കണ്ണൂർ സർവകലാശാല ഡിപ്പാർട്മെന്റ്

**കണ്ണൂർ:** ആമവാതം അഥവാ റുമറ്റോയ്ഡ് ആർത്രൈറ്റിസിനു പാർശ്വഫലങ്ങളില്ലാത്ത മരുന്നിനു വേണ്ട സംയുക്തം വികസിപ്പിച്ച് കണ്ണൂർ സർവകലാശാലയിലെ ബയോടെക്നോളജി ആൻഡ് മൈക്രോബയോളജി ഡിപാർട്മെന്റ്. ശാസ്ത്രമാസികയായ സയന്റിഫിക് റിപ്പോർട്സിൽ (നേച്ചർ പോർട്ട്ഫോളിയോ ഓഫ് ജേണൽസ്) ലേഖനം പ്രസിദ്ധീകരിച്ചു. നിലവിൽ ആമവാതത്തിനുപയോഗിക്കുന്ന നോൺ സ്റ്റിറോയ്ഡൽ മരുന്നുകളുടെ അളവിന്റെ പന്ത്രണ്ടിൽ ഒന്ന് എന്ന അളവ് മാത്രം മതിയാകും പുതിയ സംയുക്തം.

ബെർജീനിയ ലെജുലാറ്റ എന്നറിയപ്പെടുന്ന പാഷാണ ഭേദി എന്ന ഔഷധച്ചെടിയിൽ നിന്നു വേർതിരിച്ചെടുക്കുന്ന മീഥെയ്ൽ ഗാലൈഡിൽ നിന്നാണു മരുന്നിനാവശ്യമായ സംയുക്തങ്ങൾ ഉണ്ടാക്കിയത്. സന്ധിവാതം, മൈഗ്രെയ്ൻ തുടങ്ങിയവയ്ക്കും മരുന്ന് ഫലപ്രദമായേക്കും.

കല്ലുരുക്കി, കല്ലൂർ വഞ്ചി എന്നൊക്കെ അറിയപ്പെടുന്ന ഈ സസ്യം ആയുർവേദത്തിൽ പല രോഗങ്ങൾക്കും ഉപയോഗിക്കാറുണ്ട്. നിലവിൽ ആമവാതത്തിനെതിരായ ചില മരുന്നുകൾ കരൾ വീക്കം പോലുള്ള പാർശ്വഫലങ്ങൾ ഉണ്ടാക്കാറുണ്ട്. നിലവിലുള്ള മരുന്നുകളേക്കാൾ പത്തിരട്ടി കാര്യക്ഷമവുമാണു പുതിയ സംയുക്തം.

പാർശ്വഫലങ്ങളൊന്നുമില്ലെന്നും എലികൾ അടക്കമുള്ള ജീവികളിൽ നടത്തിയ പരീക്ഷണങ്ങൾ വ്യക്തമാക്കുന്നു.

ഗവേഷകർ പറഞ്ഞു.7 വർഷം നീണ്ട ഗവേഷണത്തിനു ശേഷം കണ്ടെത്തിയതാണു മീതെയ്ൽ ഗാലൈറ്റ് സിന്തറ്റിക്ക് ഡെറിവേറ്റിവ് 1 (എംജിഎസ്ഡി 1 ) എന്ന സംയുക്തം മരുന്നായി ഉപയോഗിക്കുന്നതിന്റെ പ്രീ ക്ലിനിക്കൽ ഗവേഷണം മാത്രമാണു പൂർത്തിയായതെന്നും മരുന്നു കമ്പനികൾ മുതൽമുടക്കാൻ തയാറായാൽ ഇതിന്റെ ക്ലിനിക്കൽ ഗവേഷണം സാധ്യമാകുമെന്നും സംഘം അറിയിച്ചു.

പ്രോ വൈസ് ചാൻസലർ പ്രഫ. സാബു എ. ഹമീദ്, പ്രഫസർ ഇമിരിറ്റസ് ഡോ. എം.ഹരിദാസ് എന്നിവരുടെ നേതൃത്വത്തിൽ ഡോ. സി.എസ്.ശരണ്യ, പ്രഫ. ഇ.ജയാദേവി, ഡോ. ജെ.അഭിതാജ്, ഡോ. ജി.അരുൺകുമാർ, ഡോ. കോടി റെഡ്ഡി ഈദ (വിജ്ഞാൻ സർവകലാശാല), ഡോ. വിഘ്നേഷ് ഭട്ട് (മാംഗ്ലൂർ സർവകലാശാല) എന്നിവർ അംഗങ്ങളായുള്ള സംഘമാണു സംയുക്തം വികസിപ്പിച്ചത്.

# പിന്നാക്ക വിഭാഗങ്ങളെ മുൻനിരയിലെത്തിക്കുക ലക്ഷ്യം; മന്ത്രി കെ. രാധാകൃഷ്ണൻ




**കൊച്ചി:** പിന്നാക്ക വിഭാഗങ്ങളെ സമൂഹത്തിന്റെ മുൻനിരയിലേക്ക് വളർത്തിയെടുക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ. പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുമായി സംഘടിപ്പിച്ച മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഐക്യരാഷ്ട്രസഭയുടെ വികസനപരിപാടിയിൽ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമെന്നും വിദ്യാർത്ഥികളുടെ യാത്രാ ചെലവ് സർക്കാർ വഹിക്കുമെന്നും മന്ത്രി പറഞ്ഞു. പിന്നാക്ക വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകിയാലേ വികസനം സാധ്യമാകൂ എന്ന തിരിച്ചറിവിൽ നിന്നാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിതമായത്. വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കഴിഞ്ഞ വർഷത്തെ എസ്എസ്എൽസി പരീക്ഷയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് 100% വിജയം കൈവരിക്കാനായത് അഭിനന്ദനാർഹമാണ്. ഇടമലക്കുടി പഞ്ചായത്തിലെ റോഡ് നിർമ്മാണം പുരോഗമിക്കുകയാണ്.18.50 കോടി രൂപ ചെലവഴിച്ചു നിർമ്മിക്കുന്ന റോഡ് 12 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു.വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളും നൂതന പഠന സാധ്യതകളും എന്ന വിഷയത്തെ ആസ്പദമാക്കി കലൂർ റിന്യൂവൽ സെന്ററിൽ നടന്ന പരിപാടിയിൽ ജി 20 ഗ്ലോബൽ ഇനിഷ്യറ്റീവ് കോ ഓഡിനേറ്റർ ഡയറക്ടർ, യു.എൻ.സി.സി.ഡി, ഡോ. മുരളി തുമ്മാരുകുടി മുഖ്യാതിഥിയായി. പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ് ഡയറക്ടർ കെ ഗോപാലകൃഷ്ണൻ, അഡിഷണൽ സെക്രട്ടറിമാരായ ടി മിനിമോൾ, കെ ശശിധരൻ, ഡെപ്യൂട്ടി ഡയറക്ടർ കെ കൃഷ്ണപ്രസാദ്, അർ സെക്രട്ടറി കെ.എസ് സുര്യ തുടങ്ങിയവർ പങ്കെടുത്തു.

# ഹാർട്ട് ബീറ്റ്സ് : പ്രഥമ ശുശ്രൂഷ പരിശീലനത്തിനു ജില്ലയിൽ തുടക്കം

**കൊച്ചി:** ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ ഹാർട്ട് ബീറ്റ്സ് എന്ന പേരിൽ ആരംഭിക്കുന്ന പ്രഥമ ശുശ്രൂഷ പരിശീലനം ജില്ലയിൽ ആരംഭിച്ചു. അമൃത ആശുപത്രിയുടെ സഹകരണത്തോടെ നടത്തുന്ന പരിശീലന പരിപാടിയുടെ ജില്ലാ തല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് നിർവഹിച്ചു. ചടങ്ങിനോടനുബന്ധിച്ച് ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും പ്രഥമ ശുശ്രൂഷ പരിശീലനം നൽകി.ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ എല്ലാ പഞ്ചായത്തിലും പ്രഥമ ശുശ്രൂഷ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയാണ് ലക്ഷ്യം. അമൃത ആശുപത്രിയിലെ അടിയന്തര വിഭാഗത്തിലെ അംഗങ്ങളാണ് പരിശീലന ക്ലാസ്സുകൾ നയിക്കുന്നത്. ആദ്യ ഘട്ടത്തിൽ 20 പഞ്ചായത്തിലെ 100 ഓളം അംഗങ്ങൾക്കാണ് പരിശീലനം നൽകുക. ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന ചടങ്ങിൽ ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ ജില്ലാ ഗവർണർ ഡോ. ബീന രവികുമാർ അധ്യക്ഷത വഹിച്ചു. അമൃത



ഹോസ്പിറ്റൽ അടിയന്തര വിഭാഗം ഡോ. ജെറിൻ വർഗീസ് പരിശീലന ക്ലാസ്സ് നയിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ റാണിക്കുട്ടി ജോർജ്, കെ. ജി. ഡോണോ, പ്രൊജക്റ്റ് ഡയറക്ടർ സി. ജി. ശ്രീകുമാർ, സെക്രട്ടറി ഇൻചാർജ് ജോബി തോമസ്, വിവിധ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# അംഗീകാരം ഏറ്റുവാങ്ങി എറണാകുളം സർക്കാർ മെഡിക്കൽ കോളേജ്

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് മദർ ആൻഡ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനീഷിയേറ്റീവ് (എം. ബി. എഫ്. എച്ച്. ഐ )അംഗീകാരം ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജിൽ നിന്നും ഏറ്റുവാങ്ങി.മുലയൂട്ടൽ വാരാചരണത്തോടനുബന്ധിച്ച് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടന്ന പ്രത്യേക ചടങ്ങിലാണ് സർട്ടിഫിക്കറ്റ് വിതരണം നടത്തിയത്. 94.81%മാർക്കോടെയാണ് മെഡിക്കൽ കോളേജിന് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.ശിശു സ്ത്രീ രോഗ ചികിത്സാ വിഭാഗത്തിന്റെ കൂട്ടായ പരിശ്രമ ഫലമായാണ് അംഗീകാരം മെഡിക്കൽ കോളേജിന് ലഭിച്ചത്. ശിശുരോഗ വിഭാഗം മേധാവി ഡോ. ഷിജി കെ. ജേക്കബ്,



എം. ബി. എഫ്. എച്ച്. ഐ നോഡൽ ഓഫീസർ ഡോ.സാജിത അബ്ദുള്ള, സ്ത്രീ രോഗ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുമ പോൾ, സിസ്റ്റർ. ഷീബ. എൻ. ഏച്ച്. എം പി.ആർ.ഒ സംഗീത ജോൺ എന്നിവർ ചേർന്നന്ന് പുരസ്കാരം ഏറ്റുവാങ്ങി.

# സൗജന്യ പരിശീലനം

**കൊച്ചി:** കേരള പി എസ് സി പരീക്ഷകൾ എഴുതുന്നതിന് വേി കേരള പി എസ് സിയുടെ തുളസി സോഫ്റ്റ് വെയറിൽ വൺ ടൈം രജിസ്ട്രേഷൻ നടത്തുന്നതിനും കേരള പി എസ് സി യുടെ മറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും എംപ്ലോയ്മെൻറ് വകുപ്പ് മുഖേന സർക്കാർ നടത്തി വരുന്ന പി എസ് സി ഫെസിലിറ്റേഷൻ സെൻറർ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ യൂണിവേഴ്സിറ്റി എംപ്ളോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിച്ചു വരുന്നു. സൗജന്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേി ഈ ഓഫീസിനെ സമീപിക്കാവുന്നതാണ്. വിളിക്കേ നമ്പർ: 04842464498, 9847009863, 9656077665
ugbkldy.emp.lbr@kerala.gov.in

## താൽപര്യപത്രം ക്ഷണിച്ചു

**കൊച്ചി:** 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) പ്രകാരം എറണാകുളം ജില്ലയിൽ 200 ആറിൽ താഴെയുള്ള പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് (ടകഅ ഔേറ്യ) ഏജൻസികളെ തെരഞ്ഞെടുത്ത് എം പാനൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. എം പാനൽ ചെയ്യുവാൻ താല്പര്യമുള്ള യൂണിവേഴ്സിറ്റി /കോളേജ്/ വകുപ്പ്/സ്വകാര്യ സർവ്വേ സ്റ്റഡി ഏജൻസികൾ/ മറ്റുള്ളവർ എന്നിവരിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. നിലവിലുള്ള എം പാനൽ ലിസ്റ്റ് ക്യാൻസൽ ആകുമെന്നതിനാൽ ഇപ്പോൾ എം പാനൽ ചെയ്തിട്ടുള്ളവരിൽ തുടരുവാൻ താൽപര്യമുള്ളവരും ഇതിലേക്കായി താത്പര്യപത്രം സമർപ്പിക്കേതാണ്. സർക്കാർ ഉത്തരവ്, അപേക്ഷാ ഫോം , യോഗ്യത മാനദണ്ഡങ്ങൾ എന്നിവ ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റായ www.ernakulam.nic.in/events/ ൽ ലഭ്യമാണ്. അവസാന തീയതി : ഓഗസ്റ്റ്10. താൽപര്യപത്രം സമർപ്പിക്കേ വിലാസം : ഡെപ്യൂ ട്ടി കളക്ടർ (എൽ.എ.), കളക്ടറേ റ്റ്,സിവിൽ സ്റ്റേഷൻ, കാക്കനാട്682030. ഇമെ യി ൽ:
laekmdc@gmail.com

## ഓണം സ്പെഷ്യൽ ഡ്രൈവ് കൺട്രോൾ റൂം തുറന്നു

**കൊച്ചി:** 2023ലെ ഓണാഘോഷം പ്രമാണിച്ച് എക്സൈസ് വകുപ്പ് മദ്യം മയക്കു മരുന്നുമായി ബന്ധപ്പെട്ട കുറ്റങ്ങൾ നിരീക്ഷിയ്ക്കുന്നതിനും സത്വര നടപടികൾ സ്വീകരിയ്ക്കുന്നതിനും 24 മണിക്കൂർ പ്രവർത്തിയ്ക്കുന്ന കൺട്രോൾ റൂം തുറന്നു. ആഗസ്റ്റ് 06 രാവിലെ 6.00 മണി മുതൽ സെപ്തംബർ 05 രാത്രി 12.00 മണി വരെ നീ് നിൽക്കുന്ന ഓണം സ്പെഷ്യൽ ഡ്രൈവിനോട് അനുബന്ധിച്ച് ജില്ലാതലത്തിൽ എക്സൈസ് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം പ്രവർത്തിയ്ക്കുന്നതാണ്. ഇതിന്റെ ഭാഗമായി എക്സൈസ് ഡിവിഷൻ ഓഫീസ് കേന്ദ്രീകരിച്ചുള്ള കൺട്രോൾ റൂമിന്റെ പ്രവർത്തനം ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊാണ് പ്രവർത്തനം നടത്തുന്നത്. വ്യാജമദ്യം മയക്കുമരുന്ന് എന്നിവയുടെ ഉൽപാദനം, വിതരണം, കടത്തൽ സംബന്ധിച്ചുള്ള വിവരങ്ങൾ, പൊതുസ്ഥലങ്ങളിലുള്ള മദ്യപാനം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കാവുന്നതാണ്. സംയുക്ത പരിശോധന പൊതുജനങ്ങൾക്ക് കൺട്രോൾ റൂമിൽ എക്സൈസ് വകുപ്പ്, ഫോറസ്റ്റ്, റവന്യൂ, പോലീസ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, ഡ്രഗ്സ്, ഫുഡ് ആൻറ് സേഫ്റ്റി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ഓണക്കാലത്ത് വിപുലമായ സംയുക്ത പരിശോധനകൾ നടത്തുന്നതാണ്. രാത്രികാല പട്രോളിംഗ്, വാഹനപരിശോധനയും നടത്തുവാൻ പ്രത്യേക സംഘത്തെ വിന്യസിച്ചിട്ടു്.

## മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബയോമെട്രിക് മസ്റ്ററിംഗ്

**കൊച്ചി:** കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡിൽ നിന്നും 2022 ഡിസംബർ 31 വരെ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കൾ 2023 ഓഗസ്റ്റ് 31നകം അക്ഷയ കേന്ദ്രങ്ങൾ മുഖേന ബയോമെട്രിക് മസ്റ്ററിംഗ് നടത്തേതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തികരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. എന്നാൽ മസ്റ്ററിംഗ് നടത്തുന്ന മാസം മുതൽക്കുള്ള പെൻഷൻ മാത്രമേ ലഭിക്കുകയുള്ളൂ. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവരും മസ്റ്ററിംഗ് ചെയ്യേതാണ്. ഫോൺ നമ്പർ: 0495 2966577.

Society Today | സൊസൈറ്റി ടുഡേ

## കാഴ്ച പരിമിതരുടെ ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിൽ ഇടം നേടി സാന്ദ്ര ഡേവിസ്



**കൊച്ചി:** ബർമിംഗ്ഹാമിൽ ഇന്റർനാഷണൽ ബ്ലൈൻഡ് സ്പോർട്സ് ഫെഡറേഷൻ (ഐബിഎസ്എ) സംഘടിപ്പിക്കുന്ന കാഴ്ച പരിമിതരുടെ ലോക ഗെയിംസിലേക്കുള്ള ഇന്ത്യൻ വനിത ക്രിക്കറ്റ് ടീമിൽ ഇടം നേടി മലയാളിയായ സാന്ദ്ര ഡേവിസ്. ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ ഇന്ത്യ (സിഎബിഐ) വ്യാഴാഴ്ച പ്രഖ്യാപിച്ച പതിനാറംഗ ടീമിലാണ് സാന്ദ്ര ഡേവിസ് ഇടം നേടിയത്. കർണാടക സ്വദേശിനിയായ വർഷ ഉമാപതിയാണ് വനിതാ ക്രിക്കറ്റ് ടീമിനെ നയിക്കുക. പുരുഷ ടീമിനെ പ്രഖ്യാപിച്ചെങ്കിലും മലയാളികളാരും തന്നെ ടീമിൽ ഉൾപ്പെട്ടിട്ടില്ല.കാഴ്ച പരിമിതരുടെ ലോക ഗെയിംസിൽ ആദ്യമായാണ് ബ്ലൈൻഡ് ക്രിക്കറ്റ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബർമിംഗ്ഹാമിൽ ഓഗസ്റ്റ് 18 മുതൽ 27 വരെ ഐബിഎസ്എ ലോക ഗെയിംസ് 2023 നടക്കുന്നത്. കഴിഞ്ഞ ഏപ്രിലിലാണ് ആദ്യമായി കാഴ്ച പരിമിതരുടെ ആദ്യ വനിതാ ക്രിക്കറ്റ് ഇന്ത്യൻ ടീമിൽ സാന്ദ്രാ ഡേവിസ് ഇടം നേടുന്നത്. തൃശൂർ പൂക്കോട് സ്വദേശിയായ സാന്ദ്ര നിലവിൽ ഒറ്റപ്പാലം എൻഎസ്എസ് കോളേജിൽ ബിഎഡ് വിദ്യാർത്ഥിയാണ്. ഇന്ത്യൻ ടീമിൽ സ്ഥാനം നേടിയ സാന്ദ്ര ഡേവിസിനെ ക്രിക്കറ്റ് അസോസിയേഷൻ ഫോർ ബ്ലൈൻഡ് ഇൻ കേരള അഭിനന്ദിച്ചു.

## നിർധനരായ രോഗികളുടെ ചികിത്സ: ഓക്സിജൻ സിലിണ്ടറുകൾ നൽകി വിപിഎസ് ലേക്ഷോർ



**കൊച്ചി:** വിപിഎസ് ലേക്ഷോർ ആശുപത്രി നിർധനരായ കിടപ്പുരോഗികൾക്കായി അഞ്ച് ഓക്സിജൻ കോൺസന്ട്രേറ്റർസ് നൽകി. ആശുപത്രി ബോർഡ് റൂമിൽ നടന്ന ചടങ്ങിൽ എംഡി എസ് കെ അബ്ദുള്ള കൊച്ചിൻ പാലിയേറ്റിവ് കെയർ വളിയേഴ്സ് ആന്റ് ആശാ വർക്കർ ടീം പ്രതിനിധി പൊന്നന് ഓക്സിജൻ സിലിറുകൾ കൈമാറി. മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ ഡോ. കെ വി ജോണി, കമ്പനി സെക്രട്ടറി ആർ മുരളീധരൻ, ഡോ. ചിത്രതാര, വളിയേഴ്സ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## ഹിമാലയ'ദി ഒ ജി പിമ്പിൾ സൊല്യൂഷൻ' കാമ്പെയ്ൻ ലോഞ്ച് ചെയ്തു

**കൊച്ചി:** മുൻനിര വെൽനസ് കമ്പനിയായ ഹിമാലയ, അമ്മമാരും അവരുടെ കൗമാരക്കാരായ പെൺമക്കളും തമ്മിലുള്ള ശക്തമായ ബന്ധം പ്രദർശിപ്പിക്കുന്ന ഏറ്റവും പുതിയ കാംപയിനായ 'ദി ഒജി പിമ്പിൾ സൊല്യൂഷൻ' ലോഞ്ച് പ്രഖ്യാപിച്ചു. ഈ കാംപയ്നിൽ, ഹിമാലയ തങ്ങളുടെ പെൺമക്കളുടെ ജീവിതത്തിൽ യഥാർത്ഥ സ്വാധീനം ചെലുത്തുന്നവരായി അമ്മമാരുടെ പങ്ക് എടുത്തുകാണിക്കുന്നു.പ്രത്യേകിച്ച് മുഖക്കുരുവിന്റെ കാര്യത്തിൽ

SINCE 1930

# വായ്പകൾ പ്രയോജനപ്പെടുത്തി നൂതന സംരംഭങ്ങൾ ആരംഭിക്കണം




**കൊച്ചി:** വായ്പാ തുക വിനിയോഗിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുകയും നാട്ടിലെ തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യണമെന്ന് മന്ത്രി പി. രാജീവ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കളമശേരി നഗരസഭ വെസ്റ്റ് സി.ഡി.എസിലെ ( കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) കുടുംബശ്രീ സംഘങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണത്തിന്റെ ഉദ്ഘാടനം കളമശേരി മുനിസിപ്പൽ ടൗൺഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. വായ്പയായി ലഭിക്കുന്ന ഏതെങ്കിലും രീതിയിൽ ചെലവഴിക്കാതെ സംരംഭങ്ങളാക്കി മാറ്റണം. നിരവധിസ്ത്രീ സംരംഭകർ മുന്നോട്ടു വരുന്നുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി 1,39000 സംരംഭങ്ങൾ ആരംഭിച്ചതിൽ 45000 സ്ത്രീ സംരംഭകരാണ്. 1260 വെളിച്ചെണ്ണ മില്ലുകൾ തുടങ്ങി. 600 ലധികം കറിപ്പൊടി നിർമ്മാണ യൂണിറ്റുകൾ സ്ത്രീകളുടെ നേതൃത്വത്തിൽ തുടങ്ങി. മായമില്ലാത്ത ശുദ്ധമായ ഉത്പന്നങ്ങൾ ഇതുവഴി ലഭ്യമാകുന്നു. ഇലക് ട്രോണിക്സ് യൂണിറ്റുകൾ മുതൽ വെളുത്തുള്ളി പേസ്റ്റ് തയാറാക്കി വിൽക്കുന്ന യൂണിറ്റുകൾ വരെ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുന്നു. നിരവധി പേർക്ക് തൊഴിലും ഇതു വഴി ലഭ്യമാകുന്നു. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളുമൊരുക്കുകയാണ് ലക്ഷ്യം.പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സർക്കാർ ജാമ്യത്തിൽ വായ്പയെടുത്താണ് തുക അനുവദിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ജാമ്യത്തിലാണ് ഈ തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. കോർപ്പറേഷൻ തിരിച്ചടച്ചില്ലെങ്കിൽ സർക്കാരിനായിരിക്കും ഉത്തരവാദിത്തം. എന്നാൽ ഈ നിബന്ധനയിൽ കേന്ദ്ര സർക്കാർ ഇപ്പോൾ മാറ്റം വരുത്തിയിരിക്കുകയാണ്. ഇങ്ങനെ കൊടുക്കുന്ന ഗ്യാരന്റിയെല്ലാം സംസ്ഥാന സർക്കാർ എടുക്കുന്ന കേന്ദ്ര വായ്പയിൽ നിന്ന് തട്ടിക്കുറയ്ക്കും. കേന്ദ്രത്തിൽ നിന്ന് വായ്പയെടുക്കാൻ സമീപിക്കുമ്പോൾ ഗ്യാരന്റികളെല്ലാം കടത്തിൽ ഉൾപ്പെടുത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിന് നൽകേണ്ട നികുതി വിഹിതവും വെട്ടിക്കുറച്ചിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ കേരളം മുന്നിൽ നിൽക്കുന്നതിനാൽ ഈ മേഖലകളിലേക്കുള്ള വിഹിതം കുറച്ചതായി മന്ത്രി പറഞ്ഞു.സ്ത്രീ സ്വാശ്രയത്വം സംരംഭകത്വം ശാക്തീകരണം എന്നീ ലക്ഷ്യങ്ങളുമായാണ് സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതി നടപ്പാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം കുടുംബശ്രീ സിഡിഎസുകൾക്കുൾപ്പെടെ 713 കോടി രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ കളമശ്ശേരി നഗരസഭ വെസ്റ്റ് സിഡിഎസിലെ 36 കുടുംബശ്രീ സംഘങ്ങൾക്ക് മൂന്നു കോടി രൂപ ആണ് മൈക്രോ ക്രെഡിറ്റ് വായ്പയായി വിതരണം ചെയ്തത്. സിഡി എസ് അംഗങ്ങൾ മന്ത്രിയിൽ നിന്ന് ചെക്ക് ഏറ്റുവാങ്ങി.കളമശ്ശേരി നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ അധ്യക്ഷത വഹിച്ചു. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാൻ അഡ്വ. കെ. പ്രസാദ്, ഡയറക്ടർ അഡ്വ. ഉദയൻ പൈനാക്കി, അസിസ്റ്റൻറ് ജനറൽ മാനേജർ പി. എൻ. വേണുഗോപാൽ, കളമശ്ശേരി നഗരസഭ വൈസ് ചെയർപേഴ്സൺ സൽമാ അബൂബക്കർ, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അഞ്ചു മനോജ് മണി, കുടുംബശ്രീ മെമ്പർ സെക്രട്ടറി ജി. കൃഷ്ണകുമാർ, കളമശ്ശേരി ഈസ്റ്റ് സിഡിഎസ് ചെയർപേഴ്സൺ സുജാത വേലായുധൻ, വൈസ് ചെയർപേഴ്സൺ ഡാലിയ സുനിൽ, സിഡിഎസ് അംഗങ്ങളായ റസിയ നൗഷാദ്, ഫൗസി ജോസ്, സുനിത ഷഹീർ, ബിന്ദു കാർത്തികേയൻ, കളമശ്ശേരി വെസ്റ്റ് സിഡിഎസ് ചെയർപേഴ്സൺ ഫാത്തിമ മുഹമ്മദ്, കളമശേരി നഗരസഭാ സെക്രട്ടറി സി. അനിൽ കുമാർ തുടങ്ങിയവർ പങ്കെടുത്തു.

## വിദ്യാഭ്യാസ രീതി സദ്യയിൽ നിന്നും ബുഫേയിലേക്ക് മാറണം: ഡോ: മുരളി തുമ്മാരുകുടി

**കൊച്ചി:** വിദ്യാഭ്യാസ രീതി മലയാള സദ്യ പോലെയാണെന്നും ഓരോ വിഭവങ്ങൾ നിർബന്ധിച്ചു കഴിപ്പിക്കുന്നത് പോലെയാണ് ഇപ്പോഴത്തെ രീതിയെന്നും വിദ്യാഭ്യാസ രീതികൾ ബുഫേ പോലെയാക്കണമെന്നും ജി ട്വന്റി ഗ്ലോബൽ ഇനിഷ്യേറ്റീവ് കോ ഓഡിനേറ്റർ, ഡയറക്ടർ, യു. എൻ. സി. സി. ഡി ഡോ. മുരളി തുമ്മാരുകുടി. പട്ടികജാതി പട്ടിക വികസന വകുപ്പിന്റെ നേതൃത്വത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികളുമായി നടത്തിയ മുഖാമുഖം പരിപാടിയിലാണ് ഡോ: മുരളി തുമ്മാരുകുടി വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിയത്. സ്വയം കഴിവുകൾ മനസിലാക്കാതെ വിദ്യാർഥികൾ അനാവശ്യ വിദ്യാഭ്യാസ കോഴ്സുകൾ തിരഞ്ഞെടുക്കുന്നത് നിരാശാജനകമാണെന്നും. പണമില്ലാത്ത തുകൊണ്ട് നമ്മുടെ ആഗ്രഹം മാറ്റിവയ്ക്കരുതെന്നും എല്ലാ തരത്തിലുള്ള സഹായം ചെയ്യാൻ



കഴിവുള്ള സർക്കാരാണ് ഇപ്പോഴുള്ളതെന്നും അദ്ദേഹം പറഞ്ഞു. വലിയ ലക്ഷ്യങ്ങൾ എത്തിപ്പിടിക്കാനുള്ള അവസരങ്ങൾ മാറ്റി വയ്ക്കരുതെന്നും അദ്ദേഹം പറഞ്ഞു.വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളും നൂതന പഠന സാധ്യതകളും എന്ന വിഷയത്തെ ആസ്പദമാക്കി കലൂർ റവന്യൂ സെന്ററിൽ നടന്ന മുഖാമുഖം പരിപാടിയിൽ സംസ്ഥാനത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കാണ് ക്ലാസ് സംഘടിപ്പിച്ചത്. പരിപാടിയിൽ 107 വിദ്യാർഥികളും, അധ്യാപകരും പങ്കെടുത്തു.

# ഫ്രീഡം ഫെസ്റ്റ് 2023; ടെക്നോപാർക്കിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ശിൽപശാല

**തിരുവനന്തപുരം:** ടെക്നോപാർക്കിലെ ഐ.ടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനിയുടെ ടെക്നിക്കൽ ഫോറം, ഫ്രീഡം ഫെസ്റ്റ് 2023ൻറെ ഭാഗമായി വിവിധ കമ്പനികളിലെ ഐ.ടി ജീവനക്കാർക്കായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) ശിൽപ്പശാല നടത്തി. ടെക്നോപാർക്കിലെ ജീവനക്കാർക്കായി നടത്തി വരുന്ന ടെക്നിക്കൽ ട്രെയിനിങ് പരമ്പരയുടെ നൂറ്റിപ്പതാമത് എഡിഷൻ ആയിട്ടാണ് ഈ ശിൽപ്പശാല നടത്തിയത്. ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ സംഘടിപ്പിച്ച ശില്പശാലയ്ക്ക് എക്സ പ്രോട്ടോകോൾ ബെംഗളൂരുവിലെ ചീഫ് ഓഫ് റിസർച്ച് ആയിട്ടുള്ള ഉഷ രംഗരാജു നേതൃത്വം നൽകി. കൈറ്റ് സി.ഇ.ഒ അൻവർ സാദത് ഉദ്ഘാടനം ചെയ്തു.ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിലെ ജനറേറ്റീവ് എ ഐ,നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, മെഷീൻ ലാംഗ്വേജ് എന്നീ വിഷയങ്ങൾ ജീവനക്കാർക്ക് പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ ശിൽപശാല സംഘടിപ്പിച്ചത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക രംഗത്ത് ടെക്നോപാർക്കിലെ ജീവനക്കാരെ പ്രാവീണ്യമുള്ളവരാക്കി അവരെ ഈ രംഗത്ത് കൂടുതൽ പ്രവർത്തനമികവുള്ളവരാക്കുക എന്ന ലക്ഷ്യമാണ് ഈ ശിൽപശാല മുന്നോട്ടു വച്ചത്.



എ.ഐ സാധ്യതകളും പ്രയോജനങ്ങളുമാണ് പ്രധാനമായും കൈകാര്യം ചെയ്ത ഈ ശില്പശാല ടെക്നോപാർക്കിലെ വിവിധ കമ്പനികളിലെ ജീവനക്കാർക്കും വിവര സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും വേണ്ടിയുള്ള ഈ പരിശീലന പരിപാടി എക്സിലിജൻസ് ടെക്നോളജീസിന്റെ സഹകരണത്തോടെ പൂർണ്ണമായും സൗജന്യമായിട്ടാണ് സംഘടിപ്പിച്ചത്. ശിൽപശാലയിൽ ടെക്നോപാർക്കിലെ 70 കമ്പനികളിൽ നിന്നും 131 ഐ ടി ജീവനക്കാർ പങ്കെടുത്തു. ശില്പശാലയിൽ പങ്കെടുത്തവർക്ക് ബിബിൻ വാസുദേവൻ സ്വാഗതവും രാഹുൽ ചന്ദ്രൻ നന്ദിയും രേഖപ്പെടുത്തി. അനീഷ് സലിം പ്രതിധ്വനിക്കു വേണ്ടി ഉപഹാരം കൈമാറി.

# കുഫോസ് അധ്യാപകൻ രാജീവ് രാഘവന് അന്താരാഷ്ട്ര പുരസ്കാരം



**കൊച്ചി** കേരള ഫിഷറീസ് സമുദ്രശാസ്ത്ര പഠന സർവ്വകലാശാല (കുഫോസ്) അധ്യാപകനും ഫിഷ് ടാക്സോണമിസ്റ്റുമായ ഡോ.രാജീവ് രാഘവന് ഫിഷറീസ് സൊസൈറ്റി ഓഫ് ബ്രിട്ടിഷ് ഐലന്റസിന്റെ പുരസ്കാരം സമ്മാനിച്ചു. 2023 ലെ ലോകത്തിലെ മികച്ച ഫിഷറീസ് ശാസ്ത്രജ്ഞനുള്ള പുരസ്കാരമാണ് രാജീവ് രാഘവന് സമ്മാനിച്ചത്. ഫിഷ് ബയോളജിക്കും ഫിഷറീസ് സയൻസിനും നൽകിയ സംഭാവനകളാണ് രാജീവിനെ പുരസ്കാരത്തിന് അർഹനാക്കിയത്. അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ ഫിഷ് ടാക്സോണമിസ്റ്റായ രാജീവ് രാഘവനാണ് ഭൂഗർഭ വരാൽ ഉൾപ്പടെയുള്ള ഇരുപതിലധികം മത്സ്യ ഇനങ്ങളെ ലോകത്ത് ആദ്യമായി കത്തെിയത്. ഫിഷറീസ് സൊസൈറ്റി ഓഫ് ബ്രിട്ടിഷ് ഐലന്റസിന്റെ മികച്ച ശാസ്ത്രജ്ഞനുള്ള പുരസ്കാരത്തിന് ആദ്യമായാണ് ഒരു ഏഷ്യയിൽ നിന്നുള്ള ഒരാൾ അർഹനാകുന്നത്.യു.കെയിലെ എക്സസിൽ നടന്ന ഫിഷറീസ് സൊസൈറ്റിയുടെ വാർഷിക സിമ്പോസിയത്തിലാണ് രാജീവ് രാഘവന് പുരസ്കാരം സമ്മാനിച്ചത്.രാജീവ് രാഘവന്റെ സംഭാവനകളെ ആദരിച്ചു കൊ് ഈയിടെ ഇന്ത്യയിൽ നിന്ന് കത്തെിയ മത്സ്യങ്ങൾക്ക് ശാസ്ത്രലോകം അദ്ദേഹത്തിൻറെ പേര് കൂടി ചേർത്താണ് ശാസ്ത്രനാമം നൽകിയിരിക്കുന്നത്.

# ദക്ഷിണേന്ത്യയിലുള്ളവർ ആരോഗ്യ ഇൻഷൂറൻസിൽ കൂടുതൽ താൽപര്യം കാട്ടുന്നുവെന്ന് സർവേ

**കൊച്ചി:** ഇൻഷൂറൻസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ദക്ഷിണേന്ത്യയിലുള്ളവർ കൂടുതൽ അവബോധമുള്ളവരാണെന്നും ആരോഗ്യ ഇൻഷൂറൻസ് എടുക്കാൻ കൂടുതൽ താൽപര്യം കാട്ടുന്നതായും പോളിസി ബസാറിന്റെ സർവേ ചൂണ്ടിക്കാട്ടുന്നു. രാജ്യത്തെ 27 നഗരങ്ങളിലായി 3300 പേരിൽ നടത്തിയ ഗവേഷണമാണ് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്. ഇൻഷൂറൻസ് എടുക്കാനുള്ള കാരണങ്ങളിൽ വായ്പാ ബാധ്യതകളും സ്വാധീനം ചെലുത്തുന്നുണ്ടെന്ന് (15 ശതമാനം പേരിൽ) സർവേ ചൂണ്ടിക്കാട്ടുന്നു. ദക്ഷിണേന്ത്യയിൽ ഇതിന്റെ ശതമാനം 21 ആണ്. ദക്ഷിണേന്ത്യയിലെ 56 ശതമാനം പേർ ഇൻഷൂറൻസ് സംബന്ധിയായ വെബ്സൈറ്റുകളെ ആശ്രയിക്കുമ്പോൾ ഇതിന്റെ ദേശീയ ശരാശരി 43 ശതമാനമാണ്. ഇന്ത്യയിലെ ഇൻഷൂറൻസ് സാന്ദ്രത വർധിപ്പിക്കാനാണ് പോളിസി ബസാർ ശ്രമിക്കുന്നതെന്ന് റിപോർട്ട് പുറത്തിറക്കിയതിനോട് അനുബന്ധിച്ചു സംസാരിച്ച പോളിസി ബസാർ സിഇഒ സർബ് വീർ സിങ് പറഞ്ഞു. ഇതു കൈവരിക്കാനായി ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ മനസിലാക്കേണ്ട ആവശ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ദേശീയ വിദ്യാഭ്യാസ നയം: വെബ്ബിനാർ സംഘടിപ്പിച്ചു

**കൊച്ചി:** കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റ് കളമശ്ശേരി സെൻറ് പോൾസ് കോളേജ് ബി.ബി.എ വിഭാഗവുമായി ചേർന്ന് ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് വെബിനാർ സംഘടിപ്പിച്ചു. ചേർത്തല ശ്രീശങ്കര ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പൽ ഡോ. യു സുരേഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി. കാലഘട്ടത്തിനനുസരിച്ച് വിദ്യാർത്ഥികളെ നവീകരിക്കാൻ സഹായിക്കുന്നതാണ് ദേശീയ വിദ്യാഭ്യാസ നയം (എൻ. ഇ. പി) എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എൻ.ഇ.പി പൂർണാർത്ഥത്തിൽ നടപ്പിൽ വരുന്നതോടുകൂടി വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ സാധ്യമാകുമെന്ന് അദ്ദേഹം പറഞ്ഞു. പ്രസ് ഇൻഫർമേഷൻ ബ്യൂറോ, സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എന്നിവയുടെ കേരള ലക്ഷദ്വീപ് മേഖലാ തലവൻ പളനിച്ചാമി അധ്യക്ഷതവഹിച്ചു. സി.ബി.സി കേരള ജോയിന്റ് ഡയറക്ടർ വി പാർവതി സെൻറ് പോൾസ് കോളേജ് ബി.ബി.എ വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ ബിച്ചു എസ് നായർ, സിബിസി എറണാകുളം യൂണിറ്റ് ഫീൽഡ് പബ്ലിസിറ്റി ഓഫീസർ (ഇൻ ചാർജ് ) അബ്ദു മനാഫ് എന്നിവരും വെബിനാറിൽ സംസാരിച്ചു.

# കാൻസർ ബാധിതയായ 66കോരിക്ക് നൂതന ചികിൽസയിലൂടെ പുതുജീവൻ

**കോഴിക്കോട് :** കാൻസർ ബാധിതയായ 66 വയസുകാരിയെ എൻഡോസ്കോപ്പിക് അൾട്രാ സൗണ്ട് (ഇ.യു.എസ്) ഉപയോഗിച്ചുള്ള നൂതന ചികിത്സയിലൂടെ പുതുജീവൻ നൽകി കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിലെ ഡോക്ടർമാർ. ചെറുകുടലിന്റെ ഒരു ഭാഗം മുറിച്ച് മാറ്റുന്നതിന് പകരം നൂതനമായ ഗ്യാസ്ട്രോ ജെജുനോസ്റ്റോമിയിലൂടെ ശസ്ത്രക്രിയ ഒഴിവാക്കിയായിരുന്നു ചികിത്സ. പാൻക്രിയാസിനെ ബാധിച്ച കാൻസറിനെ തുടർന്നായിരുന്നു മലപ്പുറം സ്വദേശിനിയായ വയോധികയുടെ ചെറുകുടലിന്റെ തുടക്ക ഭാഗമായ ഡുവോഡിനത്തിൽ ബ്ലോക്കുണ്ടായത്. ഇതോടെ ഇവർ ഭക്ഷണം കഴിക്കാൻ കഴിയാത്ത അവസ്ഥയിലായി. ആമാശയത്തിലേക്ക് ഭക്ഷണം എത്താതെ വന്നതോടെ കഴിക്കുന്നത് മുഴുവൻ ഛർദ്ദിക്കുന്ന സ്ഥിതിയിലായിരുന്നു. രോഗം മൂർച്ഛിക്കുകയും അസഹനീയമായ വയറുവേദന പതിവാകുകയും ചെയ്ത കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രിയിൽ ചികിത്സ തേടുകയായിരുന്നു. തുടർന്ന് ഓങ്കോളജി വിഭാഗം തലവൻ ഡോ. കെ .വി ഗംഗാധരന്റെ പരിശോധനയിലാണ് കാൻസറിനെ തുടർന്നുണ്ടായ ബ്ലോക്ക് കണ്ടെത്തിയത്.രോഗിക്ക് ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ശസ്ത്രക്രിയ ഇല്ലാതെയുള്ള ചികിത്സാ രീതികൾ അവലംബിക്കാനായിരുന്നു ഡോക്ടർമാരുടെ തീരുമാനം. തുടർന്ന് ആശുപത്രിയിലെ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ടോണി ജോസ് നേതൃത്വത്തിൽ നടത്തിയ ചികിത്സയിൽ ആമാശയത്തിൽ നിന്നും ചെറുകുടലിന്റെ അടുത്ത ഭാഗമായ ജെജുനത്തിലേക്ക് സ്റ്റെന്റ് സ്ഥാപിക്കുകയായിരുന്നു. എൻഡോസ്കോപ്പിക് അൾട്രാ സൗണ്ട് സ്കാനിങ്ങിന്റെ സഹായത്തോടെയായിരുന്നു ചികിത്സ.



സങ്കീർണമായ ശസ്ത്രക്രിയക്ക് പകരം വയർ തുറക്കാതെ ഒട്ടും വേദന ഇല്ലാതെ തന്നെ ചികിത്സിച്ച് ഭേദമാക്കാൻ കഴിഞ്ഞു എന്നത് അപൂർവ നേട്ടമാണെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. ഉത്തര കേരളത്തിൽ ആദ്യമായും ദക്ഷിണേന്ത്യയിൽ വളരെ വിരളമായും ഈ ചികിത്സ രീതി ചെയ്യുന്നത്. ഓങ്കോളജി, ഗ്യാസ്ട്രോ എന്ററോളജി, അനസ്തേഷ്യ എന്നീ വിഭാഗങ്ങളുടെ കൂട്ടായ്മയിലാണ് കോഴിക്കോട് ആസ്റ്റർ മിംസിൽ ഈ ചികിത്സ വിജയകരമായി പൂർത്തീകരിച്ചത്.ഗ്യാസ്ട്രോ എന്ററോളജി വിഭാഗം തലവൻ ഡോ. അനീഷ് കുമാർ, കൺസൾറ്റന്റുമാരായ ഡോ. ജുബിൻ കമാർ, ഡോ. ജി.എൻ ഗിരീഷ്, അനസ്തേഷ്യ വിഭാഗം തലവൻ കെ. കിഷോർ, സീനിയർ എൻഡോസ്കോപ്പിക് ടെക്നീഷൻ രാജീവ്, നഴ്സിംഗ് വിഭാഗത്തിൽനിന്നും സിസ്റ്റർമാരായ ആശ മേരി, ശില്പ, എന്നിവരായിരുന്നു മെഡിക്കൽ സംഘത്തിലെ മറ്റ് അംഗങ്ങൾ.

# ആക്സിസ് ബാങ്ക് കിവിയുമായി സഹകരിക്കും

**കൊച്ചി:** റൂപെ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് യുപിഐ വഴി വായ്പ നൽകാനായി ആക്സസ് ബാങ്കും യുപിഐ വായ്പ നൽകുന്ന സ്ഥാപനമായ കിവിയും സഹകരിക്കും. ഇത് വഴി കിവി ഉപഭോക്താക്കൾക്ക് ജീവിത കാലം മുഴുവൻ സാധുതയുള്ള സൗജന്യ ആക്സിസ് ബാങ്ക് കിവിക് വിർച്വൽ കാർഡ് ആപ്പ് വഴി ലഭിക്കും. കച്ചവടക്കാർക്കുള്ള പണമടയ്ക്കലുകൾ കിവി ആപ്പ് ഉപയോഗിച്ച് യുപിഐ വഴി വിർച്വൽ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചു നടത്താമെന്ന് ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പെയ്മെന്റ്സ് വിഭാഗം മേധാവിയും പ്രസിഡന്റുമായ സഞ്ജീവ് മോഘെ പറഞ്ഞു. യുപിഐ സൗകര്യമുള്ള വിർച്വൽ ക്രെഡിറ്റ് കാർഡിനു പുറമെ ഓരോ 200 രൂപ ചെലവഴിക്കലിനും രണ്ട് എഡ്ജ് റിവാർഡുകൾ, സ്കാൻ ആന്റ് പേ ഇടപാടുകളിൽ ഒരു ശതമാനം കാഷ് ബാക്ക്, ഇന്ധന സർചാർജിൽ ഒരു ശതമാനം ഇളവ് തുടങ്ങിയവയും ലഭിക്കും. ക്രെഡിറ്റ് കാർഡ് റിവാർഡുകളും അതോടൊപ്പം യുപിഐയുടെ അതിവേഗ, സുരക്ഷിത പണമടയ്ക്കലിന്റെ നേട്ടവും ലഭ്യമാക്കുന്ന വിധത്തിലാണ് ഈ സഹകരണമെന്ന് സഞ്ജീവ് മോഘെ പറഞ്ഞു. തങ്ങളുടെ ആദ്യ ബാങ്കിങ് പങ്കാളിത്തമാണ് ഇതെന്ന് കിവി സഹ സ്ഥാപകൻ സിദ്ധാർത്ഥ് മേത്ത പറഞ്ഞു. സമഗ്രവും സമ്പൂർണവുമായ അനുഭവങ്ങളാവും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയെന്നും അദ്ദേഹം പറഞ്ഞു. വിപുലമായ സമൂഹത്തിലേക്ക് വായ്പകൾ എത്തിക്കാൻ ഇതിനാവുമെന്ന് എൻപിസിഐ ചീഫ് ഓപറേറ്റിങ് ഓഫിസർ പ്രവീണ റായ് പറഞ്ഞു.

# മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി നിറ്റാ ജലാറ്റിൻ കമ്പനി അധികൃതർ

**കൊച്ചി:** ജപ്പാനിലെ ഒസാക്ക ആസ്ഥാനമായ നിറ്റാ ജലാറ്റിൻ ഗ്രൂപ്പിന്റെ ഗ്ലോബൽ സിഇഒ കോയിച്ചി ഒഗാത, ഇന്ത്യയിലെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ സജീവ് കെ. മേനോൻ, ഡയറക്ടർ ഡോ. ഷിന്യ താകഹാഷി എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തി. മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന കൂടിക്കാഴ്ചയിൽ നിറ്റാ ജലാറ്റിൻ ഇന്ത്യയുടെ ചെയർമാൻ കൂടിയായ വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷും സന്നിഹിതനായിരുന്നു.നൂറ് വർഷം പൂർത്തിയാക്കിയ നിറ്റാ ജലാറ്റിൻ ഗ്രൂപ്പിനെ മുഖ്യമന്ത്രി അഭിനന്ദിക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു. കമ്പനിക്ക് സർക്കാരിന്റെ പൂർണ പിന്തുണ വാഗ്ദാനം ചെയ്ത മുഖ്യമന്ത്രി, ജപ്പാൻ സന്ദർശന വേളയിൽ കേരളത്തിന് വാഗ്ദാനം ചെയ്ത നിക്ഷേപത്തെക്കുറിച്ച് ആരായുകയും ചെയ്തു. നിക്ഷേപ പദ്ധതിക്ക് ചില ആഗോള പ്രശ്നങ്ങൾ കാരണം പ്രതിസന്ധി നേരിട്ടെങ്കിലും ഇപ്പോൾ വീണ്ടും സജീവമായിട്ടുണ്ടെന്നും അംഗീകാരം നൽകുന്നത് സംബന്ധിച്ച് നിറ്റാ ജലാറ്റിൻ ഇന്ത്യ കമ്പനിയുടെ ഡയറക്ടർ ബോർഡ് ഉടൻ പരിഗണിക്കുമെന്നും കോയിച്ചി ഒഗാത മുഖ്യമന്ത്രിയെ അറിയിച്ചു.കേരളത്തിലെ കമ്പനിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പിന്തുണയ്ക്ക് ഗ്ലോബൽ സിഇഒ മുഖ്യമന്ത്രിയെ നന്ദി അറിയിച്ചു. കേരളത്തിൽ നിർമിക്കുന്ന കമ്പനിയുടെ ഉത്പന്നങ്ങൾ ലോകമെമ്പാടും കയറ്റിയയക്കുന്നുണ്ടെന്ന് അദ്ദേഹം അറിയിച്ചു. കേരളത്തിലെ കമ്പനിയിലെ ട്രേഡ് യൂണിയനുകളുമായി നല്ല ബന്ധമാണ് ഉള്ളതെന്നും കമ്പനിയുടെ തടസരഹിത പ്രവർത്തനങ്ങൾക്ക് ഇതേറെ സഹായകമായിട്ടുണ്ടെന്നും ഒഗാത പറഞ്ഞു. പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിജയകരമായ സംരംഭം എന്ന നിലയ്ക്ക് നിറ്റാ ജലാറ്റിൻ ഈ രംഗത്തെ മികച്ച മാതൃകയാണെന്ന് മുഹമ്മദ് ഹനീഷ് വ്യക്തമാക്കി. 2014 മുതൽ 2022 വരെ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി പ്രവർത്തിച്ച് വീണ്ടും ആ സ്ഥാനത്ത് തിരിച്ചെത്തിയ സജീവ് കെ. മേനോൻ



കമ്പനിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ കമ്പനിയുടെ കോപ്രമോട്ടറായ കെഎസ്ഐഡിസി നൽകുന്ന പിന്തുണയ്ക്ക് നന്ദി അറിയിച്ചു. കമ്പനി അധികൃതർ വ്യവസായമന്ത്രി പി. രാജീവ്, ചീഫ് സെക്രട്ടറി ഡോ. വി.വേണു എന്നിവരുമായും കൂടിക്കാഴ്ച നടത്തി. പിന്നീട് സംഘം കവടിയാർ കൊട്ടാരത്തിൽ തിരുവിതാങ്കൂർ രാജവംശത്തിലെ പൂയം തിരുന്നാൾ ഗൗരി പാർവതി ഭായിയെയും സന്ദർശിച്ചു.മരുന്ന് നിർമാണ വ്യവസായത്തിന് അനിവാര്യമായ ഘടകങ്ങളുടെ ഇന്ത്യയിലെ പ്രധാന നിർമാതാക്കളാണ് നിറ്റാ ജലാറ്റിൻ ഇന്ത്യ. കെഎസ്ഐഡിസിയുടെ പങ്കാളിത്തത്തോടെയുള്ള നിറ്റാ ജലാറ്റിൻ ഇന്ത്യ കമ്പനിക്ക് കൊരട്ടി, കാക്കനാട്, അരൂർ എന്നിവിടങ്ങൾക്ക് പുറമേ ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിലും ഫാക്ടറികളുണ്ട്.

## ഡെപ്യൂട്ടേഷൻ നിയമനം

**തിരുവനന്തപുരം:** നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ ഡിഫൻറ്ലി ഏബിൾഡ്, തിരുവനന്തപുരം ഓഫീസിലേക്ക് അപ്പർ ഡിവിഷൻ ക്ലർക്ക് ഗ്രൂപ്പ് സി തസ്തികയിലേക്ക് ഡപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ലെവൽ 4 ൽ 25,500 81,1000 രൂപ പേസ്കെയിലിൽ കേന്ദ്ര, സംസ്ഥാന ഗവൺമെന്റ് സർവീസിലുള്ളവർക്ക് അപേക്ഷിക്കാം. നിർദിഷ്ട യോഗ്യത തെളിയിക്കുന്ന രേഖകൾ, അവസാന അഞ്ച് വർഷത്തെ വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോമുൾപ്പെടെ ആഗസ്റ്റ് 31ന് മുൻപായി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്, നാഷണൽ കരിയർ സെന്റർ ഫോർ ഡിഫറന്റ്ലി ഏബിൾഡ്, നാലാഞ്ചിറ പി. ഒ. തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കണം.

## ത്രിവത്സര എൽ.എൽ.ബി പ്രവേശനം

**തിരുവനന്തപുരം:** ഓഗസ്റ്റ് 13ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്കായി ഓൺലൈൻ അപേക്ഷ നൽകിയ വിദ്യാർഥികൾക്ക് അവരവരുടെ പ്രൊഫൈലിലെ ഫോട്ടോ, ഒപ്പ് എന്നിവ പരിശോധിക്കാം. www.cee.kerala.gov.in ൽ നൽകിയിട്ടുള്ള ൦വ്യലല ഥലമൃ ഘഘആ 2023 Candidate Portal എന്ന ലിങ്കിൽ പ്രൊഫൈൽ പരിശോധിക്കുന്നതിനും ന്യൂനതകളുള്ള പക്ഷം അവ ഓഗസ്റ്റ് 5ന് വൈകീട്ട് നാലിനകം തിരുത്തുന്നതിനാവശ്യമായ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ വിജ്ഞാപനം കാണുക.

# ’ജലധാര പമ്പ് സെറ്റ് സിൻസ് 1962’ട്രെയിലർ റിലീസ് ആയി

**കൊച്ചി:** ഉർവ്വശി,ഇന്ദ്രൻസ്,സനുഷ,സാഗർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ആശിഷ് ചിന്നപ്പ സംവിധാനം ചെയ്യുന്ന ’ജലധാര പമ്പ് സെറ്റ് സിൻസ് 1962’ എന്ന ആക്ഷേപ ഹാസ്യ ചിത്രത്തിന്റെ ട്രെയിലർ, മലയാള ചലച്ചിത്ര പ്രമുഖ താരങ്ങളുടെ ഫേയ്സ് ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.ആഗസ്റ്റ് പതിനൊന്നിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ വിജയരാഘവൻ,ജോണി ആന്റണി,ടി ജി രവി,ജയൻ ചേർത്തല,ശിവജി ഗുരുവായൂർ, കലാഭവൻ ഹനീഫ്,സജിൻ,ഹരിലാൽ പി ആർ,ജോഷി മേടയിൽ,വിഷ്ണു ഗോവിന്ദ്, കോഴിക്കോട് ജയരാജ്,പരമേശ്വരൻ പാലക്കാട്, തങ്കച്ചൻ,അൽത്താഫ്,ജെയ്,രാമു മംഗലപ്പള്ളി,ആദിൽ റിയാസ്ഖാൻ, അഞ്ജലി നായർ,നിഷാ സാരംഗ്,സുജാതതൃശ്ശൂർ, തുടങ്ങിയവർ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.വണ്ടർ ഫ്രെയിംസ് ഫിലിം ലാന്റിന്റെ ബാനറിൽ ബൈജു ചെല്ലമ്മ, സാഗർ, സംഗീത ശശിധരൻ, ആര്യ പൃഥിരാജ്, എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സജിത് പുരുഷോത്തമൻ നിർവ്വഹിക്കുന്നു.തിരക്കഥ,സംഭാഷണം ആശിഷ് ചിന്നപ്പ, പ്രജിൻ എം പി, കഥ സാനു കെ ചന്ദ്രൻ, സംഗീതം,ബിജിഎം കൈലാസ്, പ്രൊഡക്ഷൻ കൺട്രോളർബിജു കെ തോമസ്, എഡിറ്റർ രതിന് രാധാകൃഷ്ണൻ, ഗാനരചന മനു മഞ്ജിത്, ബി കെ ഹരിനാരായണൻ,ഗായകർകെ എസ് ചിത്ര, വൈഷ്ണവ്,ഗിരീഷ്,കലദിലീപ് നാഥ്, മേക്കപ്പ് സിനൂപ് രാജ്,കോസ്റ്റ്യൂംസ്അരുൺ മനോഹർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർരാജേഷ് അടൂർ,സൗണ്ട് ഡിസൈൻധനുഷ് നായനാർ,ഫിനാൻസ് കൺട്രോളർശ്രീക്കുട്ടൻ,ഓഡിയോഗ്രാഫി വിപിൻ നായർ, കാസ്റ്റിംഗ് ഡയറക്ടർ ജോഷി മേടയിൽ,വി എഫ് എക്സ് ശബരീഷ്, ലൈവ് ആക്ഷൻ സ്റ്റുഡിയോസ്, സ്റ്റിൽസ് നൗഷാദ് കണ്ണൂർ,പബ്ലിസിറ്റി ഡിസൈൻ24 എഎം,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് വിനോദ് ശേഖർ,വിനോദ് വേണുഗോപാൽ, പി ആർ ഒ എ എസ് ദിനേശ്.




